2024 OCTOBER
16
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## എസ്.ജയശങ്കർ പാക്കിസ്ഥാൻ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാൻ പ്രധാനമന്ത്രി ഷഹബാസ് ഷരീഫുമായി അനൗദ്യോഗിക കൂടിക്കാഴ്ച നടത്തി വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. ഷാങ്ഹായ് കോഓപറേഷൻ ഓർഗനൈസേഷൻ യോഗത്തിൽ പങ്കെടുക്കുന്നതിനായി ഇസ്!ലാമാബാദിലെത്തിയ ജയശങ്കർ പ്രധാനമന്ത്രിയുടെ അത്താഴ വിരുന്നിൽ പങ്കെടുക്കവേയാണ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. എസ്.ജയശങ്കറിനെ ഇസ്!ലാമാബാദിൽ സ്വാഗതം ചെയ്യുന്നതിന്റെ വിഡിയോ പാക്ക് പ്രധാനമന്ത്രിയുടെ ഓഫിസ് സമൂഹ മാധ്യമങ്ങളിൽ പങ്കുവച്ചിരുന്നു. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ അംഗ രാജ്യങ്ങളിലെ നേതാക്കൾ പങ്കെടുക്കുന്നുണ്ട്. കർശനമായ സുരക്ഷാ ക്രമീകരണങ്ങളോടെയാണ് ഉച്ചകോടി നടക്കുന്നത്. സുരക്ഷാപ്രശ്നങ്ങൾ കണക്കിലെടുത്ത് ഇസ്‌ലാമബാദിലും റാവൽപിണ്ടിയിലും പ്രധാന റോഡുകളും വ്യാപാര സ്ഥാപനങ്ങളും അടച്ചിട്ടിരിക്കുകയാണ്. മൂന്നുദിവസത്തെ അവധിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

# ഇന്ത്യ കാനഡ തർക്കം:വിസ ഇടപാടുകൾ വൈകും

**ന്യൂഡൽഹി:** ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രതർക്കം വിസാ നടപടികളുടെ വേഗം കുറയ്ക്കും. പ്രധാന നയതന്ത്ര ഉദ്യോഗസ്ഥരെ ഇരുരാജ്യവും പുറത്താക്കുകയോ തിരിച്ചുവിളിക്കുകയോ ചെയ്ത സാഹചര്യത്തിൽ വിസാ നടപടികൾ പരിമിതപ്പെടാനും കാലതാമസമുണ്ടാകാനും സാധ്യതയുണ്ടെന്ന് നയതന്ത്രവിദഗ്ധർ പറഞ്ഞു. തർക്കത്തിന്റെ പശ്ചാത്തലത്തിൽ തുടർനടപടികൾ സ്വീകരിക്കാനുള്ള അവകാശം ഇന്ത്യക്കുണ്ടെന്ന് വ്യക്തമാക്കിയാണ് കഴിഞ്ഞദിവസം വിദേശകാര്യമന്ത്രാലയം നയതന്ത്രതലത്തിൽ നടപടികളെടുത്തത്. ആറ് നയതന്ത്ര ഉദ്യോഗസ്ഥരെ ഇന്ത്യ പുറത്താക്കിയ സാഹചര്യത്തിൽ, വിസാ നടപടികൾ നിർവഹിക്കാനുള്ള സംവിധാനം, ഉദ്യോഗസ്ഥബലം എന്നിവ ഡൽഹിയിലെ കനേഡിയൻ സ്ഥാനപതികാര്യാലയത്തിൽ പരിമിതപ്പെടും. വിതരണം ചെയ്യുന്ന വിസകളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഇതിടയാക്കും.



നിജ്ജർവധവുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഇന്ത്യാവിരുദ്ധ പ്രസ്താവനകൾ നടത്തിയ പശ്ചാത്തലത്തിൽ കനേഡിയൻ പൗരർക്ക് വിസ നൽകുന്നത് 2023 സെപ്റ്റംബറിൽ ഇന്ത്യ ഒരുമാസത്തേക്ക് താത്കാലികമായി നിർത്തിവെച്ചിരുന്നു. ഇതേത്തുടർന്ന് കാനഡയും താത്കാലികമായി വിസ വിതരണവും ബെംഗളൂരു, ചണ്ഡീഗഢ്, മുംബൈ എന്നിവിടങ്ങളിലെ കോൺസുലർ സേവനങ്ങളും നിർത്തിവെച്ചു. 2023 നവംബറിൽ ഘട്ടംഘട്ടമായി ഇന്ത്യ വിസ വിതരണം പുനരാരംഭിക്കുകയായിരുന്നു.

വിസനിയന്ത്രണം കാരണം വിദ്യാർഥികളുടെ എണ്ണംകുറയുന്നതും വിനോദസഞ്ചാരികളുടെ വരവു കുറയുന്നതും ഇരുരാജ്യത്തെയും വിമാനക്കമ്പനികളുടെ വരുമാനത്തെ ബാധിക്കും. എയർ കാനഡയും എയർ ഇന്ത്യയുമാണ് ഇരുരാജ്യത്തിനുമിടയിൽ സർവീസ് നടത്തുന്ന വലിയ വിമാനക്കമ്പനികൾ. കഴിഞ്ഞവർഷത്തെ 45 ശതമാനം യാത്രക്കാരെയും ഈ രണ്ടു കമ്പനികളാണ് കൈകാര്യം ചെയ്തത്. 2023ൽ 22 ലക്ഷംപേർ ഇരുരാജ്യത്തേക്കും യാത്രചെയ്തിട്ടുണ്ട്. 2023ൽ ഇന്ത്യയിലെത്തിയ അന്താരാഷ്ട്ര വിനോദസഞ്ചാരികളിൽ നാലുശതമാനം കാനഡയിൽനിന്നായിരുന്നു. ഇതുകൂടാതെ, കനേഡിയൻ പൗരത്വമുള്ള ഇന്ത്യൻ വംശജർ നാട്ടിലെത്താറുമുണ്ട്.




# ഇന്ത്യൻ വിമാനങ്ങൾക്ക് ബോംബ് ഭീഷണി

**ന്യൂഡൽഹി:** ഇന്ത്യ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിവിധ എയർലൈൻ കമ്പനികളുടെ അഞ്ച് വിമാനങ്ങൾക്ക് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സ് വഴി ബോംബ് ഭീഷണി. ഇതെത്തുടർന്ന് ഡൽഹിയിൽനിന്ന് യുഎസിലെ ഷിക്കാഗോയിലേക്കു പുറപ്പെട്ട എയർ ഇന്ത്യ വിമാനം ക്യാനഡയിലെ ഇകാലിറ്റ് വിമാനത്താവളത്തിൽ ഇറക്കി.

എയർ ഇന്ത്യ എക്സ്പ്രസിൻറെ അയോധ്യ വഴിയുള്ള ജയ്പുർ ബംഗളൂരു വിമാനം , സ്പൈസ് ജെറ്റിൻറെ ദർഭംഗ മുംബൈ വിമാനം , ആകാശ എയറിൻറെ സിലിഗുരി ബംഗളൂരു വിമാനം , ഇൻഡിഗോയുടെ ദമാം ലഖ്നൗ വിമാനം എന്നിവയാണ് മറ്റു നാലെണ്ണം.

ഭീഷണി സന്ദേശം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രാജ്യത്തെ വിവിധ വിമാനത്താവളങ്ങളിൽ സുരക്ഷാ പരിശോധനകൾ കർക്കശമാക്കി.

ആകാശ എയറിൻറെയും സ്പൈസ് ജെറ്റിൻറെയും വിമാനങ്ങൾ സുരക്ഷിതമായി ലാൻഡ് ചെയ്ത ശേഷമാണ് ഭീഷണി സന്ദേശങ്ങൾ വന്നത്. എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ അയോധ്യയിൽ വച്ച് പരിശോധനകൾ നടത്തിയെങ്കിലും അപകടകരമായി ഒന്നും കണ്ടെത്തിയില്ല. തിങ്കളാഴ്ചയും ഇന്ത്യൻ എയർലൈൻ കമ്പനികളുടെ അന്താരാഷ്ട്ര വിമാന സർവീസുകളെ ലക്ഷ്യമിട്ട് വ്യാജ ഭീഷണി സന്ദേശങ്ങൾ വന്നിരുന്നു.

## യാത്രാ വാഹനങ്ങളുടെ റീട്ടെയ്ൽ വിൽപ്പന കുത്തനെ കുറഞ്ഞു

**കൊച്ചി:** സെപ്റ്റംബറിൽ യാത്രാ വാഹനങ്ങളുടെ റീട്ടെയ്ൽ വിൽപ്പന കുത്തനെ കുറഞ്ഞു. 19 ശതമാനമാണ് ഇടിവ്. സാമ്പത്തിക മേഖലയിലെ തളർച്ചയും ഗ്രാമീണ വിപണിയിൽ ഉപയോക്താക്കളുടെ വാങ്ങൽ ശേഷി കുറഞ്ഞതും വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി റിസർവ് ബാങ്ക് പലിശ നിരക്കിൽ കുറവ് വരുത്താതിരുന്നതും വാഹന വിൽപ്പനയെ പ്രതികൂലമായി ബാധിച്ചുവെന്ന് ഡീലർമാർ പറയുന്നു. വ്യാപകമായ മഴയും വാങ്ങലിന് അശുഭ സമയമായി വിലയിരുത്തുന്ന ശാരദാ കാലവും കാർ വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. ഉപയോക്താക്കൾ വാങ്ങൽ താത്പര്യം കുറച്ചതോടെ ഡീലർഷിപ്പുകളിൽ വിൽക്കാതെ ശേഷിക്കുന്ന വാഹനങ്ങളുടെ എണ്ണം മുൻപൊരിക്കലുമില്ലാത്ത വിധം കുതിച്ചുയരുകയാണ്. നിലവിൽ പല ഡീലർഷിപ്പുകളിലും വിൽപ്പന നടക്കാൻ 80 മുതൽ 85 ദിവസം വരെയെടുക്കുന്നു.ഫെഡറേഷൻ ഒഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻറെ കണക്കുകളനുസരിച്ച് വിവിധ ഡീലർമാരുടെ കൈവശം വിൽക്കാതെ ശേഷിക്കുന്നത് 77,800 കോടി രൂപയുടെ 7.8 ലക്ഷം കാറുകളാണ്. ഓഗസ്റ്റിൽ ഡീലർഷിപ്പുകളിലെ ഇൻവെൻററി കാലയളവ് 70 മുതൽ 75 ദിവസങ്ങളായിരുന്നു. ഉത്സവകാല പ്രതീക്ഷകൾ നവരാത്രി, ദീപാവലി ആഘോഷങ്ങൾ തൊട്ടടുത്തെത്തിയതോടെ വാഹന വിപണി വീണ്ടും ആവേശകരമാകുമെന്ന പ്രതീക്ഷയിലാണ് ഡീലർമാർ. വാഹന വിപണിയിലെ തിരിച്ചടി ഒഴിവാക്കാൻ ഉപയോക്താക്കൾക്ക് ആകർഷകമായ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകളും നിർമാണ കമ്പനികളും മുൻകൈയെടുക്കണമെന്ന് എഫ്എഡിഎ ആവശ്യപ്പെടുന്നു.





# കോലഞ്ചേരി സബ്ജില്ലാ ശാസ്ത്രമേള തുടങ്ങി

**കോലഞ്ചേരി :** കോലഞ്ചേരി സബ്ജില്ലാ ശാസ്ത്രമേളയുടെ ഉദ്ഘാടന സമ്മേളനം കണ്ണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് ജെ.എസ്.എച്ച്.എസിൽ വച്ച് തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീജ വിശ്വനാഥന്റെ അധ്യക്ഷതയിൽ നടന്നു. പ്രീതി ജി. പതാക ഉയർത്തി. സ്കൂൾ ഹെഡ്മാസ്റ്ററും മേളയുടെ ജനറൽ കൺവീനറുമായ വി.പി. സുബോദ് സ്വാഗതം പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.ആർ പ്രകാശ് മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ വടവുകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അനു അച്ചു, ജില്ലാ പഞ്ചായത്ത് മെമ്പർ ലിസി അലക്സ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ബേബി വർഗീസ്, ഓമന നന്ദകുമാർ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ഷൈനി ജോയ്, മനു എം.എൻ, സ്കൂൾ മാനേജർ വർഗീസ് പാട്ടുള്ളിൽ, മാമല സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ബിജു മുണ്ടക്കൽ, എച്ച് .എം ഫോറം സെക്രട്ടറി അനിയൻ പി ജോൺ, പി ടി എ പ്രസിഡന്റ് പി.വി.മധു എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഗവ. ജെ.ബി.എസ് എച്ച് എംപി കെ രാജൻ സമ്മേളനത്തിന്റെ കൃതജ്ഞത അർപ്പിച്ചു. 15,16 തീയതികളിൽ ആയി നടക്കുന്ന ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഗണിത ശാസ്ത്ര, ഐ.റ്റി പ്രവർത്തി പരിചയ മേളയിൽ 66 സ്കൂളുകളിൽ നിന്നും രണ്ടായിരത്തി അഞ്ഞൂറോളം കുട്ടികൾ പങ്കെടുക്കുന്നു. മേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം 16)എം തീയതി വൈകീട്ട് 4 മണിക്ക് എറണാകുളം ജില്ലാ പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിക്കും.

# മോണരോഗത്തിന് ഫലപ്രദമായ ചികിത്സാരീതിയുമായി ഗവേഷകർ

**കൊച്ചി:** പ്രായമായവരിൽ പല്ലു കൊഴിയുന്നതിനുള്ള പ്രധാന കാരണമാണ് മോണരോഗം. തിരുവനന്തപുരം പി.എം.എസ്. ഡെന്റൽ കോളേജിലെ മോണരോഗ വിദഗ്ധരും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗവേഷകരും ഒരുമിച്ച് നടത്തിയ മൾട്ടീഡിസിപ്ലിനറി ഗവേഷണമാണ് ഇപ്പോൾ വിജയം കണ്ടിരിക്കുന്നത്. മോണയിലേക്ക് മരുന്ന് നിയന്ത്രിതമായി സാവധാനത്തിൽ പുറത്തു വിടുന്നതും, പല്ലിനും മോണയ്ക്കും ഇടയിൽ വെക്കാവുന്നതുമായ നൂതനവും ബയോകംപാറ്റിബിളും ആയ ഒരു ഫിലിം മെട്രിക്സ് വികസിപ്പിച്ചിരിക്കുകയാണ് ഗവേഷകർ. അതിന്റെ പേറ്റന്റും അവർ അടുത്തിടെ കരസ്ഥമാക്കി.

മുൻകൂട്ടി നിശ്ചയിക്കുന്ന സമയ ദൈർഘ്യത്തിൽ നിയന്ത്രിതമായി മരുന്ന് പുറത്ത് വിടുന്നതിന് പുറമേ പാർശ്വഫലങ്ങൾ ഒന്നും തന്നെ ഇല്ലാതെ ഡീഗ്രേഡ് ചെയ്തു പോവുന്ന ഒന്നാണ് ഈ ഫിലിം മെട്രിക്സ്. നിശ്ചിത അളവിൽ ചേർത്തുണ്ടാക്കിയ ബയോഡീഗ്രേഡബിൾ ആയ പോളിമറുകളുടെ വിവിധ പാളികൾ ഉപയോഗിച്ചാണ് ഈ മെട്രിക്സ് തയ്യാറാക്കുന്നത്. നിലവിൽ ലഭ്യമായ ചികിൽത്സാരീതികളിൽ നിന്നും വ്യത്യസ്തമായി മരുന്ന് ആദ്യ മണിക്കൂറുകളിൽ കൂടുതൽ വേഗത്തിലും തുടർന്ന്, നിയന്ത്രണവിധേയമായി 7 മുതൽ 10 ദിവസം വരെ മോണയ്ക്കുള്ളിലേക്കു സാവധാനത്തിൽ മരുന്ന് എത്തിക്കുവാനും ഈ പോളിമർ മെട്രിക്സിന്റെ ആനുപാതിക ഘടന മാറ്റുന്നത് വഴി സാധിക്കും.

പോളിമർ ഫിലിമുകൾ ഉപയോഗിച്ച് നാനോ ഡ്രഗ് ഡെലിവറി സാധ്യമാക്കുന്നതിനൊപ്പം ഇവ നിർമ്മിക്കാൻ ഉപയോഗിച്ചിരിക്കുന്ന പദാർത്ഥങ്ങളുടെ ആന്റിമൈക്രോബിയൽ സ്വഭാവം കൊണ്ട് മെച്ചപ്പെട്ട സൂക്ഷ്മാണു പരിരക്ഷയും സാധ്യമാകുന്നു. മോണരോഗ ചികിത്സാരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ കണ്ടുപിടുത്തം ഉപകരിക്കും. പി. എം. എസ്. ഡെന്റൽ കോളേജിലെ മോണരോഗ വിഭാഗം മേധാവി ഡോ.അമ്പിളിയുടെ മേൽനോട്ടത്തിൽ ഗവേഷണ വിദ്യാർത്ഥിനിയായ ഡോ.അനിലയും (പ്രൊഫസ്സർ ആൻഡ് ഹെഡ്, പെരിയോഡോൺട്ടിക്സ് ഡിപ്പാർട്ട്മെന്റ്, സെന്റ്. ഗ്രീഗോറിയോസ് ഡെന്റൽ കോളേജ്, കോതമംഗലം), കുസാറ്റ് ഫിസിക്സ് വകുപ്പിലെ അസ്സോസിയേറ്റ് പ്രൊഫസ്സറും വകുപ്പ് മേധാവിയുമായ ഡോ.ആൽഡ്രിൻ ആന്റണിയുടെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അഡ്വാൻസ്ഡ് മെറ്റീരിയൽസിലെ ഗവേഷണ വിദ്യാർത്ഥിനി ധന്യ ജേക്കബും ചേർന്നാണ് ഈ മെട്രിക്സ് വികസിപ്പിച്ചെടുത്തതും പേറ്റന്റ് നേടിയതും. കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നും ഡോ. അനിലയ്ക്കു ലഭിച്ച നിധി പ്രയാസ് ഗ്രാന്റാണ് ഈ ഗവേഷണത്തിന് സഹായമായത്.

# ആകാശ് എജ്യുക്കേഷണൽ സർവീസസ് പോഡ്കാസ്റ്റ് സീരീസ് ആരംഭിച്ചു

**ന്യൂഡൽഹി:** നീറ്റ്, ജെഇഇ ടെസ്റ്റ് പ്രിപ്പറേറ്ററി സേവനങ്ങളിലെ മുൻനിരക്കാരായ ആകാശ് എജ്യുക്കേഷണൽ സർവീസസ് ലിമിറ്റഡ്, വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നതിനും പഠിപ്പിക്കുന്നതും ലക്ഷ്യമിട്ട് 'ആകാശ് ബ്രേക്ക്റൂം' എന്ന പോഡ്കാസ്റ്റ് സീരീസ് ആരംഭിച്ചു.മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനാണ് ഈ പോഡ്കാസ്റ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. നീറ്റ്, ജെഇഇ പരീക്ഷാ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ, വ്യക്തിഗത വളർച്ചയെയും ക്ഷേമത്തെയും കുറിച്ചുള്ള അക്കാദമിക് ഉൾക്കാഴ്ചകളും മാർഗ്ഗനിർദ്ദേശങ്ങളും പോഡ്കാസ്റ്റ് സീരീസ് നൽകും. വിദ്യാർത്ഥികളെ അക്കാദമിക് മികവ് പുലർത്താൻ സഹായിക്കുന്നതിലും പരീക്ഷാ തയ്യാറെടുപ്പ് സമ്മർദ്ദം നാവിഗേറ്റ് ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച് വിപുലമായ വിഷയങ്ങൾ അവതരിപ്പിക്കും.

# ബ്രിക്സ് ശാസ്ത്ര വിദ്യാഭ്യാസ കോൺഗ്രസിൽ ക്ഷണിതാവായി കുസാറ്റ് ഡീൻ



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഡീൻ ഓഫ് ഫാക്കൽറ്റി ഓഫ് മറൈൻ സയൻസ് ഡോ. എസ്. ബിജോയ് നന്ദനെ, 2024 റഷ്യൻ ഫെഡറേഷന്റെ ബ്രിക്സ് ചെയർമാൻഷിപ്പിന്റെ ഭാഗമായി, പരിസ്ഥിതി ശാസ്ത്രവും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ച ബ്രിക്സ് സയന്റിഫിക് ആൻഡ് എഡ്യൂക്കേഷണൽ കോൺഗ്രസിലേക്ക് ക്ഷണിച്ചു. കസാനിൽ നടക്കുന്ന പതിനാറാം ബ്രിക്സ് ഉച്ചകോടിയുടെ തയ്യാറെടുപ്പുകളോടെ ഭാഗമമായാണ്, ഒക്ടോബർ 20 മുതൽ 21 വരെ റഷ്യയിലെ സിറിയസ് ഫെഡറൽ ടെറിട്ടറിയിൽ ഈ പരിപാടി നടക്കുന്നത്.

പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ മേഖലകളിലെ നിർണായക ആഗോള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന പ്രധാന സമ്മേളനങ്ങളിലൊന്നായിരിക്കും ഈ കോൺഗ്രസ്. ബ്രിക്സ് രാജ്യങ്ങളിൽ (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക) നിന്നുള്ള യുവ ശാസ്ത്രജ്ഞരെയും ശാസ്ത്രം, വിദ്യാഭ്യാസം, ഗവൺമെന്റ്, ബിസിനസ് എന്നീ മേഖലയിൽ നിന്നുള്ള പ്രമുഖരെയും ഉൾപ്പെടുത്തി, അറിവ് കൈമാറുന്നതിനും പരിസ്ഥിതി, കാലാവസ്ഥാ സഹകരണത്തിനായി ഫലപ്രദമായ പരിഹാരങ്ങൾ രൂപീകരിക്കുന്നതിനും ഈ സമ്മേളനം സഹായിക്കും.

കാലാവസ്ഥാ ശാസ്ത്ര മേഖലയിൽ യുവജന വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ബ്രിക്സ് രാജ്യങ്ങൾക്കിടയിൽ കൂടുതൽ സഹകരണം വളർത്താനാണ് ഈ കോൺഗ്രസ് ലക്ഷ്യമിടുന്നത്. ബ്രിക്സ് രാജ്യങ്ങൾക്കും ലോകത്തിനും വർദ്ധിച്ചുവരുന്ന ആഗോള പാരിസ്ഥിതിക വെല്ലുവിളികളെ നേരിടാൻ ഈ സമ്മേളനം ഒരു വേദിയാകും.

# കുസാറ്റ്: ബി.ടെക്ക് പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കുട്ടനാട് ക്യാമ്പസിലെ (കുസെക്ക്) ബി.ടെക്ക് പ്രോഗ്രാമുകളിൽ സിവിൽ,ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ഒക്ടോബർ 17 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവരുടെ അഭാവത്തിൽ പ്രവേശന പരീക്ഷ എഴുതാത്തവരെയും പരിഗണിക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുട്ടനാടിലെ പുളിങ്കുന്ന് ക്യാമ്പസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങളും ഒഴിവുകളും അറിയുന്നതിനായി www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9496800632, 9447706426, 04772707500 എന്ന നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

# സംസ്കൃത സർവ്വകലാശാലയിൽ ഫുൾടൈം പിഎച്ച് .ഡി. പ്രവേശനം

**കാലടി :** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഫുൾടൈം പിഎച്ച് .ഡി. പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 18.10.2024വരെ ഓൺലൈനായി അപേക്ഷിക്കാം. കോഴ്സുകളെല്ലാം കാലടിയിലെ മുഖ്യക്യാമ്പസിലായിരിക്കും നടത്തുക. പിഎച്ച് .ഡി. പ്രോഗ്രാമുകൾ, സീറ്റുകൾ എന്നിവ ചുവടെ: സംസ്കൃതം സാഹിത്യം (10), സംസ്കൃതംവേദാന്തം (7), സംസ്കൃതം വ്യാകരണം (9), സംസ്കൃതം ന്യായം (12), സംസ്കൃതം ജനറൽ (3), ഹിന്ദി (4), ഇംഗ്ലീഷ് (5), മലയാളം (6), ഫിലോസഫി (1), ഹിസ്റ്ററി (6), മ്യൂസിക് (4), സംസ്കൃതംവേദിക് സ്റ്റഡീസ് (1), കംപാരറ്റീവ് ലിറ്ററേച്ചർ (3), വിഷ്വൽ ആർട്സ് (2), സോഷ്യൽ വർക്ക് (6), ട്രാൻസ്ലേഷൻ സ്റ്റഡീസ് (1), ഫിസിക്കൽ എഡ്യൂക്കേഷൻ (3). യോഗ്യത: നിർദിഷ്ട വിഷയത്തിൽ/ബന്ധപ്പെട്ട വിഷയങ്ങളിൽ ബി പ്ലസ് ഗ്രേഡോടെ അംഗീകൃത സർവ്വകലാശാലകളിൽ നിന്നും ബിരുദാനന്തരബിരുദമോ തത്തുല്യയോഗ്യതയോ നേടിയവർക്ക് അപേക്ഷിക്കാം. എസ്.സി./എസ്.ടി./ഒ.ബി.സി., ഭിന്നശേഷി, ഇ.ഡബ്ല്യു.എസ്., ജി. എൻ. സി. പി., വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള അഞ്ച് ശതമാനം മാർക്കിളവ് ലഭിക്കും. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിർദിഷ്ട രീതിയിൽ എം. ഫിൽ. പൂർത്തിയാക്കിയവർക്കും പിഎച്ച് .ഡി. പ്രോഗ്രാമിന് അപേക്ഷിക്കാവുന്നതാണ്. അതത് പഠന വിഭാഗങ്ങൾ നടത്തുന്ന പ്രവേശന പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അതത് പഠന വിഭാഗങ്ങളിലാണ് പ്രവേശന പരീക്ഷ നടക്കുക. പ്രവേശന പരീക്ഷകൾ കാലടി മുഖ്യക്യാമ്പസിലായിരിക്കും. ഹാൾടിക്കറ്റുകൾ 19.10.2024 മുതൽ സർവ്വകലാശാല വെബ്സൈറ്റിൽ നിന്നും അപേക്ഷകർക്ക് ഡൗൺലോഡ് ചെയ്യാം. പ്രവേശന പരീക്ഷയിൽ വിജയിച്ചവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. സർവ്വകലാശാലയുടെ തീരുമാനങ്ങൾക്ക് വിധേയമായി അർഹരായവർക്ക് ഓരോ ഡിപ്പാർട്ടുമെന്റുകളിലും ഏതാനും ഫെലോഷിപ്പുകൾ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 18.10.2024. www.ssus.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

## കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ് എം.ടെക് കോഴ്സുകൾക്ക് എൻ.ബി.എ അംഗീകാരം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിലെ പി.ജി പ്രോഗ്രാമുകളായ (എം.ടെക്) ജിയോ ടെക്നിക്കൽ എൻജിനീയറിങ്ങ്(സിവിൽ),തെർമൽ എഞ്ചിനീയറിങ്ങ്(മെക്കാനിക്കൽ) , ഇൻഡസ്ട്രിയൽ സേഫ്റ്റി (സേഫ്റ്റി ആൻഡ് ഫയർ) എന്നീ കോഴ്സുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രിഡിറ്റേഷൻ (എൻ.ബി.എ) അംഗീകാരം ലഭിച്ചു.ഇതോടെ സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ എല്ലാ കോഴ്സുകൾക്കും എൻ.ബി.എ അംഗീകാരം ലഭിച്ചു. ഈ നേട്ടം കൈവരിക്കുന്ന അപൂർവ്വം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായിരിക്കുകയാണ് കുസാറ്റ് സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങ്. കുസാറ്റിലെ എല്ലാ ബി.ടെക് കോഴ്സുകൾക്കും 2025 വരെ എൻ.ബി.എ ടയർ വൺ അംഗീകാരമുണ്ട്.

ഈ അംഗീകാരം ലഭിച്ചതിലൂടെ ഈ കോഴ്സുകൾക്കുള്ള മൂല്യം പതിൻ മടങ്ങ് വർദ്ധിച്ചു.വിദ്യാർത്ഥികളുടെ ജോലി സാദ്ധ്യതയും വർദ്ധിച്ചു.വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനവും വിദേശ ജോലിയും കൂടുതൽ ലഭ്യമാകും. സർക്കാർ വക ഫണ്ടിങ് വർദ്ധിക്കുകയും ചെയ്യും.

എം.ടെക് കോഴ്സ് 2024 മുതൽ 2026 വരെ ഇവിടെ പഠിച്ചു പാസ്സ് ആകുന്ന വിദ്യാർത്ഥികൾക്കാണ് എൻ. ബി. എ അംഗീകാരം വഴിയുള്ള ഗുണങ്ങൾ ലഭിക്കുന്നത്.

കോഴ്സ് സിലബസ്, അദ്ധ്യാപകരുടെ യോഗ്യത,പരിചയം,പ്രസിദ്ധീകരണങ്ങൾ,കാമ്പസ് സൗകര്യങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ വിലയിരുത്തിയാണ് നാഷണൽ ബോർഡ് ആഗോള തലത്തിൽ സ്വീകാര്യമായ ഇത്തരം അംഗീകാരം നൽകുന്നത്.



## വിദ്യാർത്ഥികൾക്കായുള്ള ബഹിരാകാശ പ്രദർശനം മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ തുടങ്ങി

**കോഴിക്കോട്:** വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള മൂന്നു ദിവസത്തെ ബഹിരാകാശ സംബന്ധിയായ പ്രദർശനം കോഴിക്കോട് മേഖലാ ശാസ്ത്രകേന്ദ്രം & പ്ലാനറ്റേറിയത്തിൽ തുടങ്ങി. ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെ (ഐഎസ്ആർഒ) ചരിത്രവും സ്ഥാപനത്തിന്റെ വളർച്ചയിലെ സുപ്രധാന നാഴികക്കല്ലുകളും പ്രതിപാദിക്കുന്ന പ്രദർശനമാണ് ഒരുക്കിയിട്ടുള്ളത്.

വിവിധ മോഡലുകൾ, പോസ്റ്ററുകൾ, വീഡിയോ എന്നിവയിലൂടെയാണ് ചരിത്രനേട്ടങ്ങൾ വിശദീകരിക്കുന്നത്. ഇന്ത്യയിൽ തദ്ദേശീയമായി നിർമ്മിച്ചു വിക്ഷേപിച്ച ആദ്യത്തെ റോക്കറ്റ് ആയ രോഹിണി75 ന്റെ മാതൃക, എസ്എൽവി മുതൽ എസ്എസ്എൽവി വരെയുള്ള സാറ്റലൈറ്റ് ലോഞ്ചിങ് വെഹിക്കിളിന്റെ വിവിധ മാതൃകകൾ, ആര്യഭട്ടയുടെ മാതൃക, ഐഎസ്ആർഒ ഏറ്റെടുത്ത സുപ്രധാന പദ്ധതികളായ

ചന്ദ്രയാൻ1, ഗഗൻയാൻ, എജുസാറ്റ് തുടങ്ങിയവയുടെ സംക്ഷിപ്ത വിവരങ്ങൾ, എങ്ങനെയാണ് ഉപഗ്രഹം ഭൂമിയെ ചുറ്റുന്നത്, സാറ്റലൈറ്റിന്റെ പ്രവർത്തനരീതികൾ, റിമോട്ട് സെൻസിംഗ് സാറ്റലൈറ്റുകൾ, സൗണ്ടിംഗ് റോക്കറ്റുകൾ,

തുമ്പ ഇക്വറ്റോറിയൽ റോക്കറ്റ് ലോഞ്ചിങ് സ്റ്റേഷൻ എന്നിവയെക്കുറിച്ചെല്ലാമുള്ള വിവരങ്ങളടങ്ങിയ പവലിയനാണ് ഒരുക്കിയിട്ടുള്ളത്.

മുൻ രാഷ്ട്രപതിയും രാജ്യം കണ്ട മികച്ച ബഹിരാകാശ ശാസ്ത്രജ്ഞനുമായ എപിജെ അബ്ദുൽ കലാമിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് ഒരുക്കിയ പ്രദർശനം ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ ബഹിരാകാശ രംഗത്തെ ശാസ്ത്രജ്ഞർ ലോകത്തിലെ തന്നെ ഏറ്റവും മികച്ചവർ ആണെന്ന് ജില്ലാ കലക്ടർ ചൂണ്ടിക്കാട്ടി. അബ്ദുൽ കലാം രാജ്യത്തിനു നൽകിയ സംഭാവനകളുടെ മൂല്യം അളക്കാൻ പറ്റുന്നതല്ല. നമ്മെക്കാളും സമ്പത്തും സാങ്കേതികവിദ്യയുമുള്ള രാഷ്ട്രങ്ങളെക്കാൾ ഇന്ന് ലോകത്ത് ഇന്ത്യ തലയുർത്തി നിൽക്കാനുള്ള കാരണം കലാമിനെ പോലുള്ള ശാസ്ത്ര പ്രതിഭകൾ ആണ്.

കോഴിക്കോട് സെന്റ് വിൻസെന്റ് കോളനി ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ പവലിയൻ സന്ദർശിച്ചു. പരിപാടിയിൽ കോഴിക്കോട് മേഖലാ ശാസ്ത്ര കേന്ദ്രം & പ്ലാനറ്റേറിയം പ്രൊജക്റ്റ് കോർഡിനേറ്റർ എം എം കെ ബാലാജി, ഐഎസ്ആർഒയിലെ റിട്ട. ശാസ്ത്രജ്ഞൻ ഇ കെ കുട്ടി, ബിനോജ് കെ തുടങ്ങിയവർ പങ്കെടുത്തു.

## കായിക്കര പാലം : ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയതായി മന്ത്രി

**തിരുവനന്തപുരം:** ടി.എസ് കനാലിന് കുറുകെ കായിക്കര പാലം നിർമാണത്തിന് ആറ്റിങ്ങൽ വക്കം, അഞ്ചുതെങ്ങ് എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയതായി റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. സാമൂഹ്യാഘാത പഠനം പൂർത്തീകരിച്ച് വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാൻ നടപടി സ്വീകരിച്ചുവെന്നും അർത്ഥനാധികാരി നഷ്ടപരിഹാര തുക അനുവദിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്നും ഒ.എസ് അംബിക എം.എൽ.എ ഉന്നയിച്ച സബ്മിഷന് മറുപടിയായി മന്ത്രി പറഞ്ഞു.

## വനിതാ സ്വയംസഹായ സംഘങ്ങൾക്ക് വായ്പ

**തിരുവനന്തപുരം:** കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കളിമൺപാത്ര നിർമാണ വിപണന മേഖലകളിൽ നടപ്പിലാക്കുന്ന വായ്പ് പദ്ധതി പ്രകാരം 202425 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. കളിമൺപാത്ര നിർമാണ മേഖലയിലെ വനിതാ സ്വയം സഹായ സംഘങ്ങൾക്കാണ് വായ്പ നൽകുന്നത്. ഒക്ടോബർ 25നകം അപേക്ഷ സമർപ്പിക്കണം.

കുടുംബശ്രീ സി.ഡി.എസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കോർപ്പറേഷൻ മാർഗരേഖ പ്രകാരം വായ്പ യോഗ്യത നേടുന്നതുമായ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പ അനുവദിക്കും. ബന്ധപ്പെട്ട സി.ഡി.എസ് മുഖേനയാണ് അപേക്ഷ നൽകേണ്ടത്. വിശദവിവരങ്ങൾക്ക്: www.keralapottery.org.

## ശിശുദിനാഘോഷം : സ്കൂൾകുട്ടികൾക്കായി മത്സരങ്ങൾ

**ചെറുതോണി:** ജില്ലാ ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ശിശുദിനാഘോഷങ്ങളുടെ ഭാഗമായി കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.വർണ്ണോത്സവം 2024 എന്ന പേരിൽ നടക്കുന്ന പരിപാടിയിൽ എൽ പി , യു പി ,ഹൈസ്കൂൾ ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി കഥാരചന , കവിതാരചനാ , ഉപന്യാസ രചന തുടങ്ങിയ സാഹിത്യ മത്സരങ്ങളും പ്രസംഗം, പദ്യപരായണം, ലളിതഗാനം, ദേശഭക്തിഗാനം തുടങ്ങിയ കലാ മത്സരങ്ങളും എൽ പി വിഭാഗത്തിൽ ചാച്ചാ നെഹ്റു മത്സരവും നടത്തും. എൽ പി വിഭാഗത്തിൽ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന കുട്ടിയാകും പ്രധാനമന്ത്രിയായി ശിശുദിനാഘോഷ പരിപാടി നയിക്കുക. മത്സരങ്ങൾ ഒക്ടോബർ 26 ചെറുതോണി പോലീസ് സൊസൈറ്റി ഹാളിൽ നടക്കും.വിജയികൾക്ക് നവംബർ 14 ന് ശിശുദിനാഘോഷത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9447813559 എന്ന മൊബൈലിൽ ബന്ധപ്പെടേണ്ടതാണ്.

## അഭിമുഖം 21ന്

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പ് മെയിന്റനൻസ് ട്രിബ്യൂണലുകളിലായി പ്രവർത്തിക്കുന്ന നെടുമങ്ങാട്, തിരുവനന്തപുരം, റവന്യൂ സബ് ഡിവിഷൻ ഓഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നു. കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്കാണ് നിയമനം. പ്രായപരിധി 18നും 35നും ഇടയിൽ.

അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദമാണ് യോഗ്യത. വേർഡ് പ്രോസസിങ്ങിൽ സർക്കാർ അംഗീകൃത കംപ്യൂട്ടർ കോഴ്സ് പാസായിരിക്കണം. എം.എസ്.ഡബ്ല്യു യോഗ്യതയുള്ളവർക്കും കൗൺസിലിങ്ങിൽ പരിചയമുള്ളവർക്കും മുൻഗണനയുണ്ടായിരിക്കുമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു. മലയാളം, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിങ് അറിഞ്ഞിരിക്കണം. താത്പര്യമുള്ളവർ ഒക്ടോബർ 21 രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന അഭിമുഖത്തിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0471 2343241

## അധ്യാപകനിയമനം

**മലപ്പുറം:** മഞ്ചേരി ഗവ.ടെക്നിക്കൽ ഹൈസ്കൂളിന്റെ അനുബന്ധ സ്ഥാപനമായ കൊണ്ടോട്ടി ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (ജി.ഐ.എഫ്.ഡി) സെന്ററിൽ ഇംഗ്ലീഷ് ടീച്ചർ തസ്തികയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു.

ഹയർ സെക്കണ്ടറി ഇംഗ്ലീഷ് ടീച്ചേർസ് യോഗ്യതയുള്ളവർക്കും ഹയർ സെക്കണ്ടറി ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിന്ന് വിരമിച്ചവർക്കും അപേക്ഷിക്കാം.

അഭിമുഖം 21102024 തിങ്കളാഴ്ച രാവിലെ 10.30 ന് സ്ഥാപനത്തിൽ വെച്ച് നടത്തുന്നു. താത്പര്യമുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 21ന് രാവിലെ 10.30ന് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് മുമ്പാകെ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

കൂടുതൽ വിവരങ്ങൾക്ക്: 0483 2766185, 9447320560.

## ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ്

**തിരുവനന്തപുരം:** കേരള സർക്കാർ കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിക്കുന്ന ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് 202425 ന് അർഹരായ വിദ്യാർഥികളിൽ നിന്നും മാമ്പൽ അപേക്ഷകൾ ക്ഷണിക്കുന്നു.

വിജ്ഞാപന നിർദ്ദേശങ്ങൾക്കും അപേക്ഷ സമർപ്പണത്തിനും collegiateedu.kerala.gov.in, dcescholarship.kerala.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക. മാമ്പൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281098580.

## പിയർ എജ്യുക്കേറ്റർ / സപ്പോർട്ടർ ഒഴിവ്

**തിരുവനന്തപുരം:** ഹെപ്പറ്റൈറ്റിസ് ബി / സി പിയർ എഡ്യൂക്കേറ്റർ / സപ്പോർട്ടറിന്റെ ഒരു ഒഴിവിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത ഉള്ള, ഹെപ്പറ്റൈറ്റിസ് ബി, സി രോഗ ചികിത്സയിൽ ഇരിക്കുന്നവർക്കോ രോഗമുക്തി നേടിയവർക്കോ അഭിമുഖത്തിൽ പങ്കെടുക്കാം.

പ്രതിമാസ ഇൻസെന്റീവ് 10,000 രൂപ. പ്രാദേശിക ഭാഷയിൽ പ്രാവീണ്യവും ഇംഗ്ലീഷ് ഭാഷയിലും ഡാറ്റ എൻട്രിയിലും പ്രായോഗിക ജ്ഞാനവും ഉണ്ടായിരിക്കണം. ഉയർന്ന പ്രായപരിധി 60 വയസ്സ്.

ഒക്ടോബർ 23 രാവിലെ 10 ന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ന്യൂട്രീഷൻ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ചാണ് അഭിമുഖം നടക്കുന്നത്.

ഹെപ്പറ്റൈറ്റിസ് ബി, സി രോഗബാധിതർക്ക് ചികിത്സ ഉറപ്പാക്കുക, അവർക്ക് ആവശ്യമായ മാനസിക സാമൂഹിക പിന്തുണ നൽകുക, ചികിത്സയുടെ പ്രാധാന്യത്തെ പറ്റി ബോധ്യപ്പെടുത്തുകയും ഫോളോ അപ്പ് നടത്തുകയും ചെയ്യുക തുടങ്ങിയവയാണ് തൊഴിൽ ഉത്തരവാദിത്തങ്ങൾ.

താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കൃത്യ സമയത്ത് ഹാജരാ കണമെന്ന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.



# മുഞ്ഞബാധയും കനത്ത മഴയും: കർഷകർക്ക് ലക്ഷങ്ങളുടെ നഷ്ടം

**അമ്പലപ്പുഴ:** മുഞ്ഞബാധയും പിന്നാലെയെത്തിയ കനത്ത മഴയും കർഷകർക്ക് വിനയായി. 150 ഓളം ഏക്കർ നെൽകൃഷി നശിച്ചു. കർഷകർക്ക് ലക്ഷങ്ങളുടെ നഷ്ടം. പുന്നപ്ര തെക്ക് പഞ്ചായത്ത് പൊന്നാകരി പാടത്താണ് നെല്ല് വീണടിഞ്ഞത്. 250 ഏക്കറുള്ള ഇവിടെ 80 ലധികം കർഷകരാണുള്ളത്. 11 മുതൽ ഇവിടെ രണ്ടാം കൃഷിയുടെ കൊയ്ത്ത് ആരംഭിച്ചിരുന്നു.

ഒരുമാസം മുൻപ് നെൽച്ചെടികൾക്ക് മുഞ്ഞരോഗം ബാധിച്ചിരുന്നു. പല തവണ ഇതിനായി മരുന്നുകൾ ചെയ്തെങ്കിലും ഫലം കണ്ടില്ല. വിവരം കൃഷി വകുപ്പിനെ അറിയിച്ചെങ്കിലും ഒരു ഉദ്യോഗസ്ഥർ പോലും ഇവിടേക്ക് തിരിഞ്ഞുനോക്കിയിട്ടില്ലെന്നും കർഷകർ പറയുന്നു.

ഇതിനെയൊക്കെ അതിജീവിച്ച് കർഷകർ ചെയ്ത അധ്വാനമാണ് കനത്ത മഴയിൽ മുങ്ങിയത്. ദിവസങ്ങൾക്കു മുൻപ് പെയ്ത കനത്ത മഴയിൽ 150 ഓളം ഏക്കറിലെ നെല്ലാണ് വീണു നശിച്ചത്. ഏക്കറിന് 70,000 രൂപ മുടക്കിയാണ് കർഷകർ കൃഷിയിറക്കിയത്. നെല്ല് കൊയ്തെടുക്കാൻ യന്ത്രത്തിന് മണിക്കൂറിന് 1900 രൂപ നൽകണം. സ്വർണം പണയം വച്ചും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പണം പലിശയ്ക്കെടുത്തും കൃഷിയിറക്കിയ കർഷകർക്ക് മുഞ്ഞബാധയും പ്രതികൂല കാലാവസ്ഥയും കനത്ത നഷ്ടമാണ് വരുത്തിവച്ചത്.

സാധാരണ ഗതിയിൽ ഒരേക്കറിൽനിന്ന് മൂന്നു ക്വിൻറൽ വരെ നെല്ല് കിട്ടുമായിരുന്നു. എന്നാൽ, നെല്ല് വീണുകിടക്കുന്നതിനാൽ ഒരേക്കറിൽനിന്ന് ഒരു ക്വിൻറൽ നെല്ല് പോലും ലഭിക്കില്ലെന്നാണ് കർഷകർ പറയുന്നത്. യന്ത്രമുപയോഗിച്ച് കൊയ്താൽ യന്ത്രം താഴ്ന്നുപോകും. ഈ സാഹചര്യത്തിൽ കൃഷി നാശത്തിനായുള്ള ഇൻഷുറൻസ് തുകയ്ക്കൊപ്പം നഷ്ടപരിഹാരവും നൽകാൻ സർക്കാർ തയാറാകണമെന്നാണ് കർഷകരുടെ ആവശ്യം.



# അവധിദിനങ്ങൾ ആഘോഷിക്കാൻ സഞ്ചാരികൾ ഒഴുകിയെത്തി

**തൊടുപുഴ:** നവരാത്രിയോടനുബന്ധിച്ചുള്ള അവധി ദിനങ്ങളിൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വൻ പ്രവാഹം. ഇതര സംസ്ഥാനങ്ങളിൽനിന്നുൾപ്പെടെ ഒട്ടേറെ വിനോദസഞ്ചാരികൾ പൂജാ അവധിയോടനുബന്ധിച്ച് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ എത്തി.

11 മുതൽ 13 വരെയുള്ള അവധി ദിവസങ്ങളിൽ ജില്ലയിൽ ഡിടിപിസിയുടെ കീഴിലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാത്രം 76,913 പേരാണ് സന്ദർശനം നടത്തിയത്. 11ന് 17,359 പേരും മഹാനവമി ദിനത്തിൽ 35,270 പേരും വിജയദശമി ദിനത്തിൽ 24,284 പേരുമാണ് വിവിധ ഇടങ്ങൾ സന്ദർശിച്ചത്. മഴ മുന്നറിയിപ്പ് ഉണ്ടായിരുന്നെങ്കിലും അനുകൂലമായ കാലാവസ്ഥയാണ് സന്ദർശകർക്ക് ഗുണകരമായത്.

ജില്ലയിൽ ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തിയത് വാഗമൺ മൊട്ടക്കുന്നിലാണ്. 23,516 പേരാണ് ഇവിടെ സന്ദർശനം നടത്തിയത്. അഡ്വഞ്ചർ പാർക്കിൽ 22,038 പേരുമെത്തി.

മാട്ടുപ്പെട്ടി 1835, രാമക്കൽമേട് 6550, അരുവിക്കുഴി 837, ശ്രീനാരായണപുരം 3600, പാഞ്ചാലിമേട് 5972, ഇടുക്കി ഹിൽവ്യൂ പാർക്ക് 4103, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ 5327, ആമപ്പാറ 3135 എന്നിങ്ങനെയാണ് മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തിയവരുടെ കണക്ക്.

ഏതാനും മാസങ്ങളായി അടച്ചിട്ടിരുന്ന വാഗമണ്ണിലെ ഗ്ലാസ് ബ്രിഡ്ജ് വീണ്ടും തുറന്നതും ഇവിടെ തിരക്ക് കൂടാൻ കാരണമായി. മൂന്നു ദിവസങ്ങളിലായി 4,280 പേരാണ് ഇന്ത്യയിലെ ഏറ്റവും വലിയ കാൻഡി ലിവർ കണ്ണാടിപ്പാലത്തിൽ കയറി കാഴ്ചകൾ ആസ്വദിച്ചത്. പാലത്തിൽ കയറുന്നവരുടെ എണ്ണം പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ ഒട്ടേറെ പേർക്ക് ഇതിൽ കയറാനാവാതെ നിരാശരായി മടങ്ങേണ്ടിവന്നു.

ഇതിനു പുറമേ ജില്ലയിലെ വനം വകുപ്പിൻറെ കീഴിലുള്ള കേന്ദ്രങ്ങളിലും ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിലും എത്തിയ സഞ്ചാരികളും ഏറെയാണ്. അവധി ദിവസങ്ങൾക്കു ശേഷവും സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള സഞ്ചാരികളുടെ ഒഴുക്ക് തുടരുന്നുണ്ട്. ഇതിനിടെ മൂന്നാർ, വാഗമൺ തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിലേക്കുള്ള പാതകളിൽ ഗതാഗതക്കുരുക്കും അനുഭവപ്പെട്ടു. വാഗമണ്ണിലേയ്ക്കുള്ള പാതകളിലാണ് ഏറെ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടത്. വാഗമണ്ണിലേക്കുള്ള ഈരാറ്റുപേട്ട വാഗമൺ, കാഞ്ഞാർ പുള്ളിക്കാനം വാഗമൺ, മൂലമറ്റം പുള്ളിക്കാനം വാഗമൺ, ഏലപ്പാറ വാഗമൺ എന്നി റൂട്ടുകളിൽ ഏറെ സമയമെടുത്താണ് വാഹനങ്ങൾ കടന്നു പോയത്.

അതേസമയം ഇത്തവണ ശനി, ഞായർ ഉൾപ്പെടെ മൂന്നു ദിവസം മാത്രമാണ് പൂജാ അവധി ഉണ്ടായിരുന്നത്. വെള്ളിയാഴ്ച പൊതു അവധി നൽകിയിരുന്നെങ്കിലും പ്രഖ്യാപനം വൈകിയായതിനാൽ പലർക്കും യാത്ര പ്ലാൻ ചെയ്യാനായില്ല. മഹാനവമി ദിനമായിരുന്ന ശനിയാഴ്ചയാണ് കൂടുതൽ തിരക്ക് അനുഭവപ്പെട്ടത്.

# ഡിജിറ്റൽ സേവനങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സുരക്ഷക്ക് സഹായകരമാകും: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ സാമ്പത്തിക സുരക്ഷക്ക് രജിസ്ട്രേഷൻ മേഖലയിലെ ഡിജിറ്റൽ സേവനങ്ങൾ സഹായകരമാകുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. സമ്പൂർണ ഇ സ്റ്റാമ്പിംഗ് സേവനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിയമസഭ സെമിനാർ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തിന്റെ പ്രധാന വരുമാന മാർഗങ്ങളിലൊന്നാണ് രജിസ്ടേഷൻ. സുതാര്യതയും വേഗതയും ഉറപ്പാക്കാൻ ഇസ്റ്റാമ്പിംഗ് സേവനങ്ങൾക്ക് കഴിയും. വെണ്ടർമാരുടെ തൊഴിൽ നഷ്ടം പരിഗണിച്ച് അവരുടെ വരുമാനം നിലനിർത്തിയാണ് സേവനങ്ങൾ നൽകുന്നത്. രജിസ്ട്രേഷൻ മേഖലയിൽ ഇസ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്ന ആദ്യ സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു.

രജിസ്ട്രേഷൻ, റവന്യൂ സർവ്വേ വകുപ്പുകളുടെ പോർട്ടലുകൾ സംയോജിപ്പിച്ച് എന്റെ ഭൂമി എന്ന പോർട്ടലിലേക്ക് മാറുന്നതോടെ രജിസ്ട്രേഷൻ നടപടികൾ സുഗമവും സുതാര്യവുമാകും. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുമ്പോൾ തന്നെ പോക്ക് വരവ് കൂടി നടത്തി ഭൂമിയുടെ സർവ്വേ സ്കെച്ച് സഹിതം അന്ന് തന്നെ രേഖകളാക്കി നൽകാൻ പറ്റുന്ന സംവിധാനമാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

ഇന്ന് മുതൽ രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപത്രങ്ങൾ ഇസ്റ്റാമ്പിങ്ങിലൂടെ ലഭ്യമാക്കും. ഒപ്പം തന്നെ നിലവിൽ സ്റ്റോക്കുള്ളവ പാഴായി പോകാതിരിക്കാൻ സമാന്തരമായി കടലാസു മുദ്രപ്രത്രങ്ങൾ 2025 മാർച്ച് വരെ ഉപയോഗിക്കാൻ അനുമതിയുണ്ട്. മുദ്രപത്രങ്ങൾ കടലാസിൽ അടിക്കുന്നത് ഒഴിവാകുന്നതിലൂടെ പ്രതിവർഷം 60 കോടിയിൽപ്പരം രൂപ സർക്കാരിന് ലാഭമുണ്ടാകുമെന്നാണ് ഏകദേശ കണക്ക്.

ട്രഷറി വകുപ്പാണ് മുദ്ര പത്രങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതെങ്കിലും അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപയോക്താക്കൾ രജിസ്ട്രേഷൻ വകുപ്പാണ്. ഇസ്റ്റാമ്പിങ്ങിലൂടെ ഏത് മൂല്യത്തിലുള്ള മുദ്രപത്രവും ലഭ്യമാക്കാൻ കഴിയുമെന്നത് മുദ്രപത്ര ക്ഷാമമെന്ന പരാതിക്ക് ശാശ്വത പരിഹാരമായി മാറുകയാണ്.

രജിസ്ട്രേഷൻ വകുപ്പിൽ ഒരു ലക്ഷത്തിന് മുകളിലുള്ള മുദ്രപത്രങ്ങൾ നേരത്തെ തന്നെ ഇസ്റ്റാമ്പിലൂടെ ലഭ്യമാക്കിത്തുടങ്ങിയിരുന്നു. ഇപ്പോൾ ചെറിയ തുകക്കുള്ളതും കൂടി ഈ രീതിയിലേക്ക് മാറും.

രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പഴയ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടത്തി ആധാര പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ട്. ഭൂരിഭാഗം ജില്ലകളിലും ഇത് പൂർത്തിയായി. അവശേഷിക്കുന്ന ജില്ലകളിലും ഉടൻതന്നെ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ചിട്ടി രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ അപേക്ഷ എന്നിങ്ങനെ മിക്കവാറും സേവനങ്ങൾ നിലവിൽ ഓൺലൈനിൽ ലഭ്യമാണ്. പണമടക്കാൻ ഇപോസ് സംവിധാനവും വിരലടയാളം പതിക്കാൻ ബയോമെട്രിക് സംവിധാനവും ഉടൻ നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു.

രജിസ്ട്രേഷൻ ഐ ജി ശ്രീധന്യ സുരേഷ് സ്വാഗതമാശംസിച്ച ചടങ്ങിൽ ട്രഷറി ഡയറക്ടർ സാജൻ വി നന്ദി അറിയിച്ചു.

## കാഴ്ചപരിമിതരുടെ നാഗേഷ് ട്രോഫി

# 17 അംഗ കേരള ടീമിനെ പ്രഖ്യാപിച്ചു

**കൊച്ചി:** കാഴ്ച പരിമിതരുടെ ദേശീയ ക്രിക്കറ്റ് മത്സരമായ നാഗേഷ് ട്രോഫിക്കുള്ള 17 അംഗ കേരള ടീമിനെ പ്രഖ്യാപിച്ചു. ഡിസംബർ 9 മുതൽ 13 വരെ ബംഗളൂരുവിൽ വെച്ചാണ് നാഗേഷ് ട്രോഫി ക്രിക്കറ്റ് ടൂർണ്ണമെന്റ് നടക്കുന്നത്. സെപ്റ്റംബർ 19 മുതൽ 22 വരെ നടന്ന സെലക്ഷൻ ട്രയൽസിൽ നിന്നാണ് 17 അംഗ കേരള ടീമിനെ പ്രഖ്യാപിച്ചത്.

അനന്തു ശശികുമാർ നയിക്കുന്ന ടീമിൽ വേണുഗോപാൽ എം, സുധീഷ് വി കെ, ബിനീഷ് എ വി, ശിവകുമാർ കെ, അബിൻ അരവിന്ദ്, മനീഷ് എ, അബ്ദുൽ മുനസ് കെ, മുഹമ്മദ് കമൽ, മുഹമ്മദ് ഫർഹാൻ എ, അഹദ് പി പി, സദക്കത്തുൽ അൻവർ സി കെ, വിഷ്ണു എൻ കെ, സുജിത് എം എസ്, ഷൈലജ് എസ്, മുഹമ്മദ് ഷിംലാദ്, സച്ചിൻ തുളസീധരൻ എന്നിവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

30 പേരാണ് സെലക്ഷൻ ട്രയൽസിൽ പങ്കെടുത്തത്.കേരള ക്രിക്കറ്റ് അസോസിയേഷൻ സീനിയർ കോച്ചായ റോബിൻ മേനോനാണ് മുഖ്യ പരിശീലകൻ. ഇന്ത്യൻ ബ്ലൈൻഡ് ക്രിക്കറ്റ് ടീമംഗമായിരുന്ന അജേഷ് എ യെ സഹപരിശീലകനായി നിയമിച്ചതായി ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരള ചെയർമാൻ രജനീഷ് ഹെന്റി അറിയിച്ചു. കർണാടക, ഡൽഹി, തമിഴ്നാട്, ഹിമാചൽ പ്രദേശ് എന്നിവരടങ്ങുന്ന ഗ്രൂപ്പ് എ യിലാണ് കേരളം കളിക്കുന്നത്.



കേരള പത്രപ്രവർത്തക യൂണിയൻ 60ാം സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് 'ജോലിയും ജീവിതവും സ്ത്രീകൾ പറയുന്നു' എന്ന വിഷയത്തിൽ എറണാകുളം സെന്റ് തെരേസാസ് കോളജിൽ സംഘടിപ്പിച്ച പാനൽ ചർച്ചയും വനിതാ സംഗമവും കോസ്റ്റൽ പോലീസ് എ.ഐ.ജി ജി. പൂങ്കുഴലി ഐപിഎസ്. ഉദ്ഘാടനം ചെയ്യുന്നു. പി.ഒ ജിഷ, ഷബ്ന സിയാദ്, സിസ്റ്റർ സുചിത,എൻ. കെ സ്മിത, സീമ മോഹൻലാൽ, ബീന റാണി, വിനീത വേണാട്ട് തുടങ്ങിയവർ സമീപം

# ഏത് തൊഴിൽ മേഖലയിലും വനിതകളുടെ പ്രശ്നം ഒരുപോലെ ജി. പൂങ്കുഴലി

**കൊച്ചി:** തൊഴിലിടങ്ങളിലും ജീവിതത്തിലും സ്ത്രീകളും പുരുഷചകസാരും നേരിടുന്നത് വ്യത്യസ്തമായ വെല്ലുവിളികളാണെന്നും ഏത് തൊഴിൽ മേഖലയിലും സ്ത്രീകളുടെ പ്രശ്നം ഏറെക്കുറെ ഒരുപോലെയാണെന്നും കോസ്റ്റൽ പോലീസ് എ.ഐ.ജി ജി. പൂങ്കുഴലി പറഞ്ഞു.കേരള പത്രപ്രവർത്തക യൂണിയൻ 60ാം സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് ജോലിയും ജീവിതവും സ്ത്രീകൾ പറയുന്നു എന്ന വിഷയത്തിൽ എറണാകുളം സെന്റ് തെരേസാസ് കോളജിൽ സംഘടിപ്പിച്ച പാനൽ ചർച്ചയും വനിതാ സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

വിവാഹ ശേഷം സ്ത്രീകളിലേക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ വന്നു ചേരും. ഒപ്പം വെല്ലുവിളികളും വർധിക്കും. കുടുംബത്തിലെയും തൊഴിലിടങ്ങളിലെയും തിരക്കുകൾ മൂലം പലപ്പോഴും രോഗം വന്നാൽ കൃത്യമായി ചികിൽസ തേടാനോ കൃത്യസമയത്ത് ഭക്ഷണം കഴിക്കാനോ ആരോഗ്യം സംരക്ഷിക്കാനോ സ്ത്രീകൾക്ക് കഴിയാറില്ലഎല്ലാവർക്കും തങ്ങളുടേതായ ഇഷ്ടങ്ങൾ ഉണ്ട്, എന്നാൽ ഇതൊന്നും ആസ്വദിക്കാൻ പലപ്പോഴും സ്ത്രീകൾക്ക് കഴിയാറില്ല. സമയം നോക്കാതെ ജോലി ചെയ്യേണ്ട സാഹചര്യമാണ് പലപ്പോഴും ഉണ്ടാകുക. തൊഴിൽ മേഖലയിലും ജീവിതത്തിലും ഉയർച്ച നേടണമെങ്കിൽ ടൈം മാനേജ്മെന്റ് സ്കിൽ സ്ത്രീകൾക്ക് വളരെ പ്രധാനമാണെന്നും ഒരോ ദിവസവും എന്തൊക്കെ ചെയ്യണമെന്നത് സംബന്ധിച്ച് കൃത്യമായ പ്ലാനിംഗ് അനിവാര്യമാണെന്നും ജി. പൂങ്കുഴലി പറഞ്ഞു. നല്ലൊരു സുഹൃദ് വലയം സൃഷ്ടിച്ചെടുക്കാൻ ഓരോരുത്തരും തയ്യാറകണം. നല്ല സുഹൃത്തുക്കൾ ജീവിതത്തിൽ വളരെയേറെ ഉപകാരപ്രദമാകുമെന്നും ജി. പൂങ്കുഴലി പറഞ്ഞു.

എറണാകുളം പ്രസ് ക്ലബ്ബ് വൈസ് പ്രസിഡന്റ് എൻ.കെ സ്മിത അധ്യക്ഷത വഹിച്ചു. സെന്റ് തെരേസാസ് കോളജ് വൈസ് പ്രിൻസിപ്പാൾ സിസ്റ്റർ സുചിത, കെ.യു. ഡബ്ല്യു.ജെ സംസ്ഥാന വൈസ് പ്രസിഡന്റ് സീമ മോഹൻലാൽ, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ ബീന റാണി, വിനീത വേണാട്ട്, ജില്ലാ ജോയിന്റ് സെക്രട്ടറി ഷബ്ന സിയാദ്, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം പി.ഒ ജിഷ തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് നടന്ന പാനൽ ചർച്ചയിൽ മാധ്യമപ്രവർത്തകരായ പ്രജുല കമലേഷ്, സ്മിത ഹരിദാസ്, ലക്ഷ്മി പത്മ, ശ്രീജ ശ്യാം, ഗീതാ ബക്ഷി, ധന്യ കിരൺ, അപർണ കാർത്തിക , റിയാ ബേബി, സി.ഐ.ടി.യു ദേശീയ സെക്രട്ടറി ദീപാ കെ. രാജൻ , അഡ്വ. സൂര്യ ബിനോയ്, മഹിളാ മോർച്ച സംസ്ഥാന സെക്രട്ടറി സ്മിത മേനോൻ, വോക്കൽ ലോക്കൽ കേരള ചെയർപേഴ്സൺ സി.വി സജിനി തുടങ്ങിയവർ പങ്കെടുത്തു. സ്ത്രീകളും പുരുഷൻമാരുമുള്ള ഒരേ തൊഴിലിടത്തിൽ കരിയറിൽ മുന്നോട്ടു പോകാനും ജോലികുടുംബജീവിതം ബാലൻസ് ചെയ്യാനും സ്ത്രീകൾ കൂടുതൽ അധ്വാനിക്കേണ്ടി വരുന്നുണ്ടെന്ന് ചർച്ച ചൂണ്ടിക്കാട്ടി. എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ. ഗോപകുമാർ, സെക്രട്ടറി എം. ഷജിൽ കുമാർ, ട്രഷറർ അഷ്റഫ് തൈവളപ്പ്, വൈസ് പ്രസിഡന്റ് പ്രദീപ് കുമ്പിടി, സംസ്ഥാന കമ്മിറ്റിയംഗം ജലീൽ അരൂക്കുറ്റി, നിയുക്ത സംസ്ഥാന കമ്മിറ്റിയംഗം നഹീമ പൂന്തോട്ടത്തിൽ, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ പ്രകാശ് എളമക്കര, ടോമി മാത്യു തുടങ്ങിയവരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു

# അവിശ്വാസം പാസായി പഞ്ചായത്ത് പ്രസിഡന്റ് പുറത്ത്

**കിഴക്കമ്പലം:** കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെതിരെയുള്ള അവിശ്വാസം പാസായി പഞ്ചായത്ത് പ്രസിഡന്റ് പുറത്ത് ട്വന്റി 20 ഭരിക്കുന്ന കുന്നത്തുനാട് പഞ്ചായത്ത് പ്രസിഡന്റിനെതിരെ സ്വന്തം ട്വന്റി 20 മെമ്പർമാർ കൊണ്ടുവന്ന അവിശ്വാസം പാസായി പ്രസിഡന്റ് പുറത്തും പ്രസിഡന്റ് നിതാ മോൾക്കെതിരെ അഴിമതി ആരോപിച്ചും പ്രതിപക്ഷവുമായി ചേർന്നുള്ള പ്രവർത്തനങ്ങളാണ് നടത്തി കൊണ്ടിരിക്കുന്നതെന്ന് ആരോപിച്ച് ഭരണപക്ഷത്തെ പത്ത് മെമ്പർമാർ ചേർന്ന് കഴിഞ്ഞ ദിവസം ബി ഡി ഒ മുബാ കെ അവിശ്വാസത്തിനോട്ടീസ് നൽകിയിരുന്നു. ഇന്നലെ നടന്ന അവിശ്വാസവോട്ടെടിപ്പിൽ പത്ത് മെമ്പർമാരുടെ ഭൂരിപക്ഷ വോട്ടിൽ നിലവിലെ പഞ്ചായത്ത് പ്രസിഡന്റ് നിതാമോൾ പുറത്തായി.

പ്രതിപക്ഷം വേട്ടെടുപ്പിൽ വിട്ടുനിന്നെങ്കിലും വേട്ടെടുപ്പ് ചർച്ചയിൽ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡന്റായിരുന്ന നിതാമോളും. രണ്ട് എൽഡിഎഫ് അഗങ്ങളും വോട്ട് ചെയ്തില്ല യുഡിഎഫ് അഞ്ച് അംഗങ്ങളും വോട്ട് ചെയ്തില്ല. നിലവിലെ ഭരണകക്ഷിയിലെ 10 പേരും വോട്ട് ചെയ്തു.

അടുത്തു തന്നെ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നോമിനേഷൻ നൽകും. കുന്നത്ത് നാട് പ്രസിഡന്റായ കാലഘട്ടത്തിൽ നിതാ മോൾ എം.വി. സത്യപ്രതിജ്ഞാ ലംഘനങ്ങളും ക്രിമിനൽ ഗൂഡാലോചനയും അഴിമതിയും അധികാര ദുർവിനിയോഗവും സത്യസന്ധതയില്ലായ്മയും കൃത്യവിലോപവും നടത്തിയിട്ടുള്ളതാണെന്ന് ട്വന്റി 20 പാർട്ടി പത്രകുറിപ്പിൽ അറിയിച്ചു.

# സി.ബി.എസ്.ഇ കൊച്ചി സഹോദയ കലോത്സവം ഇന്ന് സമാപിക്കും ; ടോക് എച്ച്. പബ്ലിക് സ്കൂൾ മുന്നിൽ

**കൊച്ചി:** കൗമാര കലാ പ്രതിഭകളുടെ കലാ പ്രകടനങ്ങൾക്ക് വേദിയായ സി.ബി.എസ്.ഇ കൊച്ചി സഹോദയ കലോത്സവം ഇന്ന് (ബുധനാഴ്ച) സമാപിക്കും. കലോത്സവത്തിൽ രണ്ടാം ദിനത്തിലും മികച്ച പ്രകടനം കാഴ്ച വച്ച് വൈറ്റില ടോക് എച്ച്. പബ്ലിക് സ്കൂൾ മുന്നേറ്റം തുടരുന്നു. കലോത്സവത്തിന്റെ രണ്ടാം ദിനം 537 പോയിന്റാണ് ടോക് എച്ച്. പബ്ലിക് സ്കൂൾ കരസ്ഥമാക്കിയത്. 531 പോയിന്റുമായി രാജഗിരി ക്രിസ്തു ജയന്തി പബ്ലിക് സ്കൂളും 487 പോയിന്റുമായി കാക്കനാട് ഭവൻസ് ആദർശ വിദ്യാലയവും കടുത്ത പോരാട്ടം കാഴ്ച്ചവയ്ക്കുന്നുണ്ട്. തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ ഒരുക്കിയ 17 വേദികളിലാണ് രണ്ടാം ദിവസം മത്സരങ്ങൾ സംഘടിപ്പിച്ചത്.വിവിധ വിഭാഗങ്ങളിലായി ഭരതനാട്യം, കുച്ചുപ്പുടി, നാടോടിനൃത്തം, സംഘനൃത്തം, മോണോ ആക്ട്, മിമിക്രി, പാശ്ചാത്യ സംഗീതം, ഗിറ്റാർ, ലളിതഗാനം, ഇംഗ്ലീഷ്ഹിന്ദിസംസ്കൃത പദ്യപാരായണം, ബാന്റ്, മലയാളംഇംഗ്ലീഷ് ഹിന്ദി പ്രസംഗ മത്സരം, പോസ്റ്റർ ഡിസൈൻ, ഓയിൽ പെയ്ന്റിംഗ് തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്.തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിൽ വൈകിട്ട് 4.30 സംഘടിപ്പിക്കുന്ന സമാപന സമ്മേളനത്തിൽ കൊച്ചി സഹോദയ പ്രസിഡന്റും കൊച്ചിൻ റിഫൈനറീസ് സ്കൂൾ പ്രിൻസിപ്പലുമായ വിനുമോൻ മാത്യു വിജയികൾക്ക് ഓവർ ഓൾ ചാമ്പ്യൻ ഷിപ്പ് ട്രോഫി നൽകും.ചടങ്ങിൽ എരൂർ ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പലും കൊച്ചി സഹോദയ ട്രഷററുമായ ഇ.പാർവതി, വടുതല ചിന്മയ വിദ്യാലയ പ്രിൻസിപ്പലും കൊച്ചി സഹോദയ സെക്രട്ടറിയുമായ വി. പ്രതിഭ, തൃപ്പൂണിത്തുറ ശ്രീനാരായണ വിദ്യാപീഠം പ്രിൻസിപ്പലും സഹോദയ വൈസ് പ്രസിഡന്റുമായ എം.ആർ. രാഖി പ്രിൻസ്, കൊച്ചിൻ റിഫൈനറീസ് സ്കൂൾ വൈസ് പ്രിൻസിപ്പൽ പ്രേമലത ഷാജി എന്നിവർ പങ്കെടുക്കും.



# കഴിവുകളെ സമൂഹ നൻമയ്ക്കായി വിനിയോഗിക്കണം. പരിശുദ്ധ കാതോലിക്കാ ബാവാ

**കോട്ടയം:** ദൈവം നൽകിയ കഴിവുകളെ സമൂഹ നൻമയ്ക്കായി വിനിയോഗിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ് അത് സ്ഫുടം ചെയ്ത് ജീവിതം മൂല്യവത്താക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നടത്തിയ മാർത്തോമൻ പൈതൃക സംഗമത്തിന്റെ ഭാഗമായി അവബോധന സമതി അഖില മലങ്കര അടിസ്ഥാനത്തിൽ സംഘടിപ്പിച്ച കലാ സാഹിത്യ വൈജ്ഞാനിക മത്സരങ്ങളുടെ പുരസ്കാര ദാന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈദീക ട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ , ജനറൽ കൺവീനർ മത്തായി ടി. വർഗീസ്, ഡോ. മനു ഉമ്മൻ, ജേക്കബ് കൊച്ചേരി , സി. ഇ ഗീവർഗീസ്, ജോ ഇലഞ്ഞിമൂട്ടിൽ, ഡെറിൻ രാജു എന്നിവർ പ്രസംഗിച്ചു. വിവിധ മൽസരങ്ങളിൽ വിജയിച്ചവർക്ക് പരിശുദ്ധ ബാവാ സമ്മാനം വിതരണം ചെയ്തു കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ മഹാ സംഗമത്തിന്റെ ലോഗോ പ്രകാശനം പരിശുദ്ധ കാതോലിക്കാ ബാവാ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് നൽകി നിർവ്വഹിച്ചു. വിവിധ മൽസരങ്ങളിൽ വിജയിച്ചവർക്ക് പരിശുദ്ധ ബാവ സമ്മാനങ്ങൾ വിതരണം ചെയ്തു.

# എൽഐസി മ്യൂച്വൽ ഫണ്ട് എസ്ഐപിയുടെ കുറഞ്ഞ പ്രതിദിന പരിധി 100 രൂപയാക്കി

**കൊച്ചി:** എൽഐസി മ്യൂചൽ ഫണ്ട് അസെറ്റ് മാനേജ്മെന്റ് കമ്പനി പ്രതിദിന എസ്ഐപി തുക കുറഞ്ഞത് 100 രൂപയായി നിശ്ചയിച്ചു. മേലിൽ എൽഐസി മ്യൂചൽ ഫണ്ടിന്റെ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളിൽ കുറഞ്ഞ പ്രതിദിന അടവ് പരിധി 100 രൂപയോ ശേഷം 1 രൂപയുടെ ഗുണിതങ്ങളോ ആയിരിക്കും.

ചില പദ്ധതികളിൽ കുറഞ്ഞ പ്രതിമാസ അടവ് പരിധി 200 രൂപയായും കുറഞ്ഞ ത്രൈമാസ അടവ് പരിധി 1000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. സ്റ്റെപ്പപ്പിനുള്ള കുറഞ്ഞ പരിധി നൂറുരൂപയും ശേഷം 1 രൂപയുടെ ഗുണിതങ്ങളുമായിരിക്കും. എൽഐസി എംഎഫ് ഇഎൽഎസ്എസ് ടാക്സ് സേവർ, എൽഐസി എംഎഫ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻ എന്നിവ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും 2024 ഒക്ടോബർ 16 മുതൽ ഈ ഇളവ് ബാധകമായിരിക്കും.രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും എസ്ഐപി പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഈയിടെയാണ് സെബി കുറഞ്ഞ തുകയിലുള്ള എസ്ഐപി പ്രഖ്യാപിച്ചത്.

കൂടുതൽ ചെറുപ്പക്കാരേയും അധ്വാനിക്കുന്ന ജന വിഭാഗത്തേയും ആകർഷിക്കുന്നതിന്റെ ഭാഗമായി 100 രൂപയുടെ പ്രതിദിന എസ്ഐപി ഏർപ്പെടുത്താൻ കഴിഞ്ഞതിൽ അതിയായ ആഹ്ലാദമുണ്ടെന്ന് എൽഐസി മ്യൂചൽ ഫണ്ട് മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ആർ.കെ ഝാ അഭിപ്രായപ്പെട്ടു. ദേശീയ സർവേ കണക്കുകളനുസരിച്ച് രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 56 ശതമാനം തൊഴിലാളികളാണ്.




# നിർമ്മിത ബുദ്ധിയുടെ മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും: കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ

**ന്യൂഡൽഹി :** ആരോഗ്യ സംരക്ഷണം, കൃഷി, സുസ്ഥിര നഗരങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിർമ്മിത ബുദ്ധിയുടെ 3 മികവിന്റെ കേന്ദ്രങ്ങൾ (എഐ സെന്റർ ഓഫ് എക്സലൻസ് സിഇഒ) സ്ഥാപിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. ഡൽഹിയിൽ നടന്ന ചടങ്ങിലാണ് പ്രഖ്യാപനം നടത്തിയത്.ഈ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാകുന്നതോടെ,ആഗോള നിർമ്മിത ബുദ്ധി ഭൂമികയിൽ ഭാരതത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്നതിന് കാര്യമായ പുരോഗതി കൈവരിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിവും പ്രതിഭയും കൊണ്ട് അനുഗ്രഹീതമായ ഭാരതത്തിൽ, വരും കാലങ്ങളിൽ, ഈ നിർമ്മിത ബുദ്ധി മികവ് കേന്ദ്രങ്ങൾ, ആഗോള പൊതുനയത്തിന്റെ ഒരു പ്രധാന ഘടകമാകുമെന്നും ലോകത്തിന്റെ പരിഹാര ദാതാക്കളായി ഉയർന്നുവരുമെന്നും അദ്ദേഹം പറഞ്ഞു. ഈ മൂന്ന് എ ഐ മികവ് കേന്ദ്രങ്ങൾ (എഐ) വ്യവസായ പങ്കാളികളുമായും സ്റ്റാർട്ടപ്പുകളുമായും ഏകോപിപ്പിച്ച് പ്രവർത്തിക്കും. അവർ ബന്ധപ്പെട്ട വകുപ്പുകളിൽ ഗവേഷണം നടത്തുകയും അത്യാധുനിക ആപ്ലിക്കേഷനുകൾ വികസിപ്പിക്കുകയും ഈ മൂന്ന് മേഖലകളിൽ നിർണായകമായ പരിഹാരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഈ പ്രധാന മേഖലകളിൽ നിർമ്മിത ബുദ്ധിയുടെ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്താനും ഗുണനിലവാരമുള്ള മാനവ വിഭവശേഷി പരിപോഷിപ്പിക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കെ.സഞ്ജയ് മൂർത്തി, അപെക്സ് കമ്മിറ്റിയുടെ സഹ ചെയർമാനും സോഹോ കോർപ്പറേഷന്റെ സ്ഥാപകനും സിഇഒയുമായ ശ്രീധർ വെമ്പു,നാഷണൽ എജ്യുക്കേഷണൽ ടെക്നോളജി ഫോറം ചെയർമാൻ പ്രൊഫ. അനിൽ സഹസ്രബുദ്ധെ, പീക്ക് എക്സ് വി പാർട്ണേഴ്സ് ആൻഡ് സർജ് മാനേജിംഗ് ഡയറക്ടർ രാജൻ ആനന്ദൻ; ഖോസ്ല ലാബ്സ് സിഇഒ ശ്രീകാന്ത് നാധമുനി, ക്രോപിൻ എഐ ലാബ്സ് മേധാവി ഡോ. പ്രവീൺ പങ്കജാക്ഷൻ, കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ, ഐഐടികളുടെ ഡയറക്ടർമാർ, ഉന്നത വിദ്യാഭ്യാസ സ്ഥാപന മേധാവികൾ (എച്ച്ഇഐകൾ), വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പ് സ്ഥാപകർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# എംഒഎംഎഫിന്റെ മോത്തിലാൽ ഓസ്വാൾ ഡിജിറ്റൽ ഇന്ത്യ ഫണ്ട് ആരംഭിച്ചു

**കൊച്ചി:** മോത്തിലാൽ ഓസ്വാൾ മ്യൂചൽ ഫണ്ട് (എംഒഎംഎഫ്) അതിന്റെ ഏറ്റവും പുതിയ ഫണ്ട് ഓഫറായ മോത്തിലാൽ ഓസ്വാൾ ഡിജിറ്റൽ ഇന്ത്യ ഫണ്ട് അവതരിപ്പിച്ചതായി പ്രഖ്യാപിച്ചു. ദീർഘകാലാടിസ്ഥാനത്തിൽ മൂലധന വിലക്കയറ്റം പ്രതീക്ഷിക്കുന്ന നിക്ഷേപകർക്കായി സാങ്കേതികവിദ്യ, ടെലികോം, മീഡിയ, വിനോദം, മറ്റ് അനുബന്ധ മേഖലകൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഡിജിറ്റൽ സ്പേസിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺഎൻഡ് ഇക്വിറ്റി സ്കീമാണ് ഈ ഫണ്ടെന്ന് മോത്തിലാൽ ഓസ്വാൾ അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ എംഡിയും സിഇഒയുമായ പ്രതീക് അഗർവാൾ പറഞ്ഞു.

2024ഒക്ടോബർ 11ന് ആരംഭിച്ച ഫണ്ട് ഒക്ടോബർ 25ന് അവസാനിക്കും. ഡിജിറ്റൽ, സാങ്കേതികവിദ്യയെ ആശ്രയിക്കുന്ന കമ്പനികൾ, ഹാർഡ്‌വെയർ, പെരിഫറലുകളും ഘടകങ്ങളും, സോഫ്റ്റ്‌വെയർ, ടെലികോം, മീഡിയ, ഇന്റർനെറ്റ്, ഇ കൊമേഴ്സ്, ഡിജിറ്റൈസേഷനിൽ ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ അതു പ്രയോജനപ്പെടുത്തുന്ന മറ്റ് കമ്പനികൾ എന്നിവയിൽ പ്രധാനമായും നിക്ഷേപം നടത്തി മൂലധനത്തിന്റെ ദീർഘകാല വളർച്ച നേടുക എന്നതാണ് പദ്ധതിയുടെ പ്രാഥമിക നിക്ഷേപ ലക്ഷ്യം. ഫണ്ടിന് ഒരു ഫോക്കസുള്ള പോർട്ട് ഫോളിയോ ഉണ്ടായിരിക്കും. ഭാവിയിൽ ഉയർന്ന വളർച്ച പ്രതീക്ഷിക്കുന്ന ഗുണനിലവാരമുള്ള കമ്പനികളിൽ നിക്ഷേപിക്കുക എന്നതാണ് നിക്ഷേപ ചട്ടക്കൂട്.

ഡിജിറ്റലും സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ടതുമായ കമ്പനികളുടെ ഇക്വിറ്റികളിലും ഇക്വിറ്റി സംബന്ധിയായ ഉപകരണങ്ങളിലും പ്രധാനമായും നിക്ഷേപിക്കുന്നതിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ മൂലധന വളർച്ച തേടുന്ന നിക്ഷേപകർക്കായാണ് ഫണ്ട് രൂപകൽപന ചെയ്തിരിക്കുന്നത്. നികേത് ഷാ, അജയ് ഖണ്ഡേൽവാൾ, സന്തോഷ് സിംഗ്, അതുൽ മെഹ്റ, രാകേഷ് ഷെട്ടി, സുനിൽ സാവന്ത് എന്നിവരായിരിക്കും ഫണ്ട് മാനേജർമാർ. പ്രധാനമായും ഡിജിറ്റൽ, സാങ്കേതികവിദ്യ എന്നിവയുമായി ബന്ധപ്പെട്ട കമ്പനികളുടെ ഇക്വിറ്റികളിലും ഇക്വിറ്റി സംബന്ധിയായ ഉപകരണങ്ങളിലും നിക്ഷേപിച്ച് ദീർഘകാലാടിസ്ഥാനത്തിൽ മൂലധന വർധനവ് തേടുന്ന നിക്ഷേപകർക്കു വേണ്ടിയാണ് ഈ ഫണ്ട് രൂപകൽപന ചെയ്തിരിക്കുന്നതെന്ന് മോത്തിലാൽ ഓസ്വാൾ അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ എംഡിയും സിഇഒയുമായ പ്രതീക് അഗർവാൾ പറഞ്ഞു.

# കേരളത്തിലെ പ്രീമിയം ഡീലർഷിപ്പ് ശൃംഖല വിപുലീകരിച്ച് ഹീറോ മോട്ടോകോർപ്പ്

**കൊച്ചി:** ആലപ്പുഴയിലെ ആദ്യത്തെയും കൊച്ചിയിലെ രണ്ടാമത്തെയും ഹീറോ പ്രീമിയ ഡീലർഷിപ്പ് ഔട്ട്ലെറ്റുകൾ ഉദ്ഘാടനം ചെയ്ത് മോട്ടോർ സൈക്കിൾ, സ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ്. പ്രീമിയം പോർട്ട്ഫോളിയോയുടെ ലഭ്യത കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കാനാണ് ആലപ്പുഴയിലെ തിരുവമ്പാടിയിലും, കൊച്ചിയിലെ എളംകുളത്തും പുതിയ ഹീറോ 'പ്രീമിയ' ഡീലർഷിപ്പുകൾ ആരംഭിച്ചത്. ഈ അത്യാധുനിക ഔട്ട്ലെറ്റുകളിൽ ഹീറോ, വിഡ, ഹാർലി ഡേവിഡ്സൺ വാഹനങ്ങൾക്കായി പ്രത്യേക വിഭാഗങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.



ഹീറോ മോട്ടോകോർപ്പ് ഇന്ത്യ ബി.യു ചീഫ് ബിസിനസ് ഓഫീസർ രഞ്ജിവ്ജിത് സിംഗ്, ആലപ്പുഴ ഡീലർ പ്രിൻസിപ്പൽ അഹാസ് എം, കൊച്ചി ഡീലർ പ്രിൻസിപ്പൽ ഗീ വർഗീസ് എന്നിവർ ഔട്ട്ലെറ്റുകൾ ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ നിലവിൽ ഒമ്പത് ഹീറോ പ്രീമിയ ഔട്ട്ലെറ്റുകളാണുള്ളത്.ശക്തമായ ഡിജിറ്റൽ സാന്നിധ്യത്തിലൂടെയും ആധുനിക നിർമിതികളിലൂടെയും ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത അനുഭവം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ഔട്ട്ലെറ്റുകൾ പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. പ്രത്യേക പരിശീലനം ലഭിച്ച പ്രീമിയ സെയിൽസ് കൺസൾട്ടന്റുകളുടെ സേവനം ഉപഭോക്താക്കൾക്ക് ലഭ്യമാകും.

# പഞ്ചാബ് നാഷണൽ ബാങ്കിൽ കോർപ്പറേറ്റ് ബാങ്കിംഗ് സേവനങ്ങൾ

**ന്യൂഡൽഹി:** എംഎസ്എംഇ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ ബാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയുടെ ഭാഗമായി, മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) മൊബൈൽ ആപ്ലിക്കേഷനായ പിഎൻബി വൺ ബിസ് ആപ്പ് വഴിയുള്ള കോർപ്പറേറ്റ് ബാങ്കിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തി.

ബ്രാഞ്ച് സന്ദർശനത്തിന്റെ ആവശ്യമില്ലാതെ എല്ലാ ബാങ്കിംഗ് ആവശ്യങ്ങൾക്കും ഒറ്റത്തവണ പരിഹാരം നൽകുന്നതിനാണ് ഈ സമഗ്രമായ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ മൊബൈൽ ആപ്ലിക്കേഷന്റെ ശ്രദ്ധേയമായ സവിശേഷത, ഉടമസ്ഥർക്കുള്ള സ്വയംഓൺബോർഡിംഗ് ഓപ്ഷനാണ്. ഒരു ഉടമ (പ്രൊപ്രൈറ്റർ) മാത്രമേയുള്ളൂവെങ്കിൽ ഡെബിറ്റ് കാർഡ് ഓതന്റിക്കേഷൻ ഉപയോഗിച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

കോർപ്പറേറ്റ് ഉപഭോക്താക്കൾക്ക് പിഎൻബി വൺ ബിസ് ആപ്പ് വഴി തന്നെ ഓൺബോർഡിംഗ് അഭ്യർത്ഥന സമർപ്പിച്ച ശേഷം മുൻകൂട്ടി പൂരിപ്പിച്ച ഫോം ഡൗൺലോഡ് ചെയ്ത് ബ്രാഞ്ചിലെത്തി രജിസ്റ്റർ ചെയ്യാം.




# മധുര പ്രതിരോധം: ആസ്റ്റർ മെഡ്സിറ്റി ആശാ പ്രവർത്തകർക്കായി പരിശീലന പരിപാടി നടത്തി

**മൂവാറ്റുപുഴ:** ആസ്റ്റർ മെഡ്സിറ്റിയിലെ ക്ലിനിക്കൽ റിസർച്ച് ഡിപ്പാർട്ട്മെന്റ് ആശാ (അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്) പ്രവർത്തകർക്കായി ആരോഗ്യകരമായ ജീവിതശൈലി എപ്രകാരം പ്രമേഹ സാധ്യത കുറക്കുന്നു എന്ന വിഷയത്തിൽ സമഗ്ര പരിശീലന പരിപാടി സംഘടിപ്പിച്ചു.

(ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) ആസ്റ്റർ മെഡ്സിറ്റിക്ക് റിസർച്ച് ഗ്രാന്റ് നൽകി ആസ്റ്റർ മെഡ്സിറ്റി റിസർച്ച് അഡ്മിനിസ്ട്രേറ്റർ ഡോ.ഉമാ വി ശങ്കറിന്റെ നേതൃത്വത്തിലാണ് 'മധുര പ്രതിരോധം' പദ്ധതി നടപ്പാക്കുന്നത്. പോഷകസമൃദ്ധമായ ഭക്ഷണം, സമ്മർദ്ദ നിയന്ത്രണം തുടങ്ങിയ ജീവിതശൈലിയിലെ മാറ്റത്തിലൂടെ കുടുംബാംഗങ്ങളുടെ പിന്തുണയോടെ അമ്മമാരിലെ ഗർഭകാല പ്രമേഹത്തെ പ്രതിരോധിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്.നാല് വർഷത്തിനുള്ളിൽ ഒരു കോടി 31 ലക്ഷം രൂപ ചെലവഴിച്ചാണ് ഐസിഎംആർ ഈ പദ്ധതിക്ക് ധനസഹായം നൽകുന്നത്. എറണാകുളം ജില്ലയിലെ ഗ്രാമീണ മേഖലയിലെ 2,000 ഗർഭിണികളെ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.മൂവാറ്റുപുഴയിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രാദേശിക നഗരസഭ കൗൺസിലർ മിസ് ജോയ്സി മെറി ആന്റണി ഉദ്ഘാടനം ചെയ്തു. ആസ്റ്റർ മെഡ്സിറ്റിയിലെ പ്രോജക്ട് സയന്റിസ്റ്റ് ഡോ. മായ ചാക്കോ , ആസ്റ്റർ മെഡ്സിറ്റി ഓപ്പറേഷൻസ് ഹെഡ് ധന്യ ശ്യാമളൻ, പ്രൊജക്റ്റ് ഹെഡ് ഡോ.ഉമാ വി ശങ്കർ, എൻഎച്ച്എം ജില്ലാ കോഓർഡിനേറ്റർ സജിന എൻ.നാരായണൻ, സീനിയർ പ്രോജക്ട് അസിസ്റ്റന്റ് അനശ്വര ടി, ഫൈറ്റന്നസ്സ, സീനിയർ ക്ലിനിക്കൽ ഡയറ്റീഷ്യൻ ടീന ജോൺ, ജൂനിയർ ഫിസിയോതെറാപ്പിസ്റ് ലക്ഷ്മി, സീനിയർ പ്രോജക്ട് അസിസ്റ്റന്റ് ബ്രിജിത്ത് ജാക്കുലിൻ എന്നിവർ പങ്കെടുത്തു.

# കാട്ടിഹാറിൽ മൊബൈൽ മെഡിക്കൽ സർവീസ് തുടങ്ങി ആസ്റ്റർ വോളന്റിയേഴ്സ്

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ആഗോള കോർപ്പറേറ്റ് സാമൂഹികപ്രതിബദ്ധതാ വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സ്, ബിഹാറിലെ കാട്ടിഹാറിൽ മൊബൈൽ മെഡിക്കൽ സേവനങ്ങൾക്ക് തുടക്കമിട്ടു. ഗ്രാമീണമേഖലകളിൽ വൈദ്യസഹായമെത്തിക്കുകയാണ് ലക്ഷ്യം. പാവപ്പെട്ട ജനവിഭാഗങ്ങളുടെ അരികിലേക്ക് നേരിട്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനാണ് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ യൂണിറ്റ് സജ്ജമാക്കിയിരിക്കുന്നത്.

ഫോക്കസ് ഇന്ത്യ, ഐ.ഐ.എഫ്.എൽ സമസ്ത എന്നിവരുമായി സഹകരിച്ച് കൊച്ചിയിലെ ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ അവതരിപ്പിച്ച മൊബൈൽ യൂണിറ്റിൽ ടെലിമെഡിസിൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

വിശദമായ പരിശോധനകൾ നടത്താനും വൈദ്യസഹായത്തിനുമുള്ള സൗകര്യങ്ങൾ ഇതിലുണ്ട്. പ്രാഥമിക ശുശ്രൂഷയുൾപ്പെടെ അത്യാവശ്യ ചികിത്സ ആവശ്യമുള്ളവരുടെ അരികിലേക്ക് നേരിട്ടെത്തി സേവനങ്ങൾ ലഭ്യമാക്കും. കാട്ടിഹാറിലെ മൻസാഹിയിലാണ് ആദ്യഘട്ടത്തിൽ പദ്ധതി തുടങ്ങുന്നത്. അധികം വൈകാതെ ബരാരി, കോർഹ, ഹസൻഗഞ്ച്, മൻഹാരി, അംദാബാദ് എന്നീ ബ്ലോക്കുകളിലേക്കും സേവനങ്ങൾ ലഭ്യമാക്കും. ഒരുവർഷത്തിനുള്ളിൽ 15,000 ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കും.

വിദൂരമേഖലകളിൽ ആശുപത്രികളിൽ നിന്നകലെ താമസിക്കുന്നവർക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സവിശേഷ പദ്ധതിയാണ് ആസ്റ്റർ വോളന്റിയേഴ്സ് മൊബൈൽ മെഡിക്കൽ സർവീസസ് അഥവാ എ.വി.എം.എം.എസ്.

വൈദ്യസഹായം ആവശ്യമുള്ളവർക്കെല്ലാം അത് ലഭ്യമാക്കുന്നതിനുള്ള തീവ്രപരിശ്രമം തുടരുകയാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സ്ഥാപകചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

# ഇസുസു മോട്ടോഴ്സ് ഇന്ത്യ ഡിമാക്സ് ആംബുലൻസ് പുറത്തിറക്കി

**കൊച്ചി :** ഇസുസു മോട്ടോഴ്സ് ഇന്ത്യ പുതിയ ഡിമാക്സ് ആംബുലൻസ് പുറത്തിറക്കി. ആംബുലൻസുകൾക്കായുള്ള എഐഎസ്125 ടൈപ്പ് സി ( അകട125 ടൈപ്പ് ഇ) നിർദ്ദേശങ്ങൾ അനുസരിച്ചാണ് ഡിമാക്സ് ആംബുലൻസ് നിർമിച്ചിരിക്കുന്നത്. 'ബേസിക് ലൈഫ് സപ്പോർട്ട്' ആംബുലൻസുകളിൽ പെടുന്നതാണ് ഡിമാക്സ് ആംബുലൻസ്. ട്രാക്ഷൻ കൺട്രോൾ സിസ്റ്റം, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, ആന്റി ലോക്ക് ബ്രേക്കിംഗ് സിസ്റ്റം, ഇലക്ട്രോണിക് ബ്രേക്ക് ഫോഴ്സ് ഡിസ്ട്രിബ്യൂഷൻ, ഹിൽ ഡിസന്റ് കൺട്രോൾ,




എമർജൻസി ബ്രേക്ക് അസിസ്റ്റ്, ഇന്റലിജന്റ് ബ്രേക്ക് ഓവർ റൈഡ് സിസ്റ്റം തുടങ്ങി 14 'ബെസ്റ്റ് ഇൻക്ലാസ്' ഫീച്ചറുകളോടെയാണിത് വരുന്നത്.രോഗികളുടെ ഗതാഗതത്തിൽ സുരക്ഷിതത്വം നൽകിക്കൊണ്ട് വേഗത്തിൽ പ്രതികരിക്കാൻ പാകത്തിലാണ് ആംബുലൻസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.25,99,990 രൂപയാണ് പ്രാരംഭ വില (എക്സ്ഷോറൂം, ചെന്നൈ). 'ബേസിക് ലൈഫ് സപ്പോർട്ട്' ആംബുലൻസ് വിഭാഗത്തിൽ 'ഇസുസു ഡിമാക്സ് ആംബുലൻസ്' ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്ന് ഇസുസു മോട്ടോഴ്സ് ഇന്ത്യയുടെ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമോട്ടോ പറഞ്ഞു,

# സുദർശൻ കെമിക്കൽ ഹ്യൂബാച്ച് ഗ്രൂപ്പിനെ ഏറ്റെടുക്കുന്നു

**കൊച്ചി:** ജർമനി ആസ്ഥാനമായുള്ള ഹ്യൂബാച്ച് ഗ്രൂപ്പിനെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള കരാറിൽ ഏർപ്പെട്ടതായി സുദർശൻ കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (എസ്സിഐഎൽ) അറിയിച്ചു. എസ്സിഐഎല്ലിന്റെ പ്രവർത്തനങ്ങളും ഹ്യൂബാച്ചിന്റെ സാങ്കേതിക മികവും കൂട്ടിച്ചേർത്ത് ഒരു ആഗോള പിഗ്മെന്റ് ചായക്കൂട്ട് കമ്പനി സൃഷ്ടിക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഏറ്റെടുക്കലിന് ശേഷം ഉയർന്ന നിലവാരമുള്ള ചായക്കൂട്ട് ഉൽപ്പന്നങ്ങളുടെ വിശാലമായ ശ്രേണിയും യൂറോപ്പ്, അമേരിക്ക ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശക്തമായ സാന്നിധ്യവും ഉറപ്പാക്കും.ഹ്യൂബാച്ച് ഗ്രൂപ്പിന് 200 വർഷത്തെ പാരമ്പര്യമുണ്ട്. 2022ൽ ക്ലാരിയന്റുമായി സംയോജിപ്പിച്ചതിന് ശേഷം ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പിഗ്മെന്റ് പ്ലെയറായി. 2021, 22 സാമ്പത്തിക വർഷങ്ങളിൽ ഒരു ബില്ല്യൺ യൂറോയിലധികമായിരുന്നു ഹ്യൂബാച്ചിന്റെ വരുമാനം. എന്നാൽ വർദ്ധിച്ചുവരുന്ന ചെലവുകൾ, ഇൻവെന്ററി പ്രശ്നങ്ങൾ, ഉയർന്ന പലിശനിരക്ക് എന്നിവ കാരണം കഴിഞ്ഞ രണ്ട് വർഷങ്ങളിൽ സാമ്പത്തിക വെല്ലുവിളികളുണ്ടായി. ഈ വെല്ലുവിളികളെയൊക്കെ വ്യക്തമായ പ്ലാനുകളോടെ പരിഹരിക്കാൻ എസ്സിഐഎല്ലിനാകും. എസ്സിഐഎൽ മാനേജിംഗ് ഡയറക്ടർ രാജേഷ് രതി ഈ പുതിയ കമ്പനിയെ നയിക്കും.

ഹ്യൂബാച്ചിന് കോട്ടിംഗ് ആപ്ലിക്കേഷനുകൾ, പ്ലാസ്റ്റിക്, മഷി, ഓട്ടോമോട്ടീവ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങി വിവിധയിനങ്ങളിലായി വലിയൊരു ശതമാനം ഉപഭോക്തൃ അടിത്തറയുണ്ട്. റെഗുലേറ്റർമാരുടെയും എസ്സിഐഎൽ ഷെയർഹോൾഡർമാരുടെയും അംഗീകാരങ്ങൾ ഉൾപ്പെടെയുള്ള ക്ലോസിംഗ് വ്യവസ്ഥകൾക്ക് വിധേയമായി 34 മാസത്തിനുള്ളിൽ ഏറ്റെടുക്കൽ നടപടി അവസാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.പ്രധാന ആഗോള വിപണി ലക്ഷ്യമിട്ട് രണ്ട് ബിസിനസുകളെ ഒരുമിച്ച് കൊണ്ടുവരുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് എസ്സിഐഎൽ മാനേജിംഗ് ഡയറക്ടർ രാജേഷ് രതി പറഞ്ഞു.

# ഗ്രാമീണ കുടുംബങ്ങളിലെ ശരാശരി മാസവരുമാനത്തിൽ 57.6% വർദ്ധനവെന്ന് സർവേ

**കൊച്ചി :** കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഗ്രാമീണ കുടുംബങ്ങളിലെ ശരാശരി മാസവരുമാനത്തിൽ 57.6% വർദ്ധനവുണ്ടായതായി നബാർഡ് സർവേ ഫലം. റിപ്പോർട്ട് പ്രകാരം 2016-17 ലെ 8,059 രൂപയിൽ നിന്ന് 2021-22 ൽ 12,698 രൂപയായി ഉയർന്നതായാണ് കണക്കുകൾ. രണ്ടാമത് നബാർഡ് ഓൾ ഇന്ത്യ റൂറൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ (നാഫിസ്) സർവ്വേയാണ് റിപ്പോർട്ട് പുറത്തു വിട്ടത്. ഗ്രാമീണ കുടുംബങ്ങളിലെ 2021-22 ൽ ശരാശരി വാർഷിക സമ്പാദ്യം 66% ഉയർന്ന് 13,209 രൂപയിലെത്തി, അഞ്ച് വർഷം മുമ്പ് ഇത് 9,104 രൂപയായിരുന്നു. കോവിഡിന് ശേഷം ഒരു അംഗമെങ്കിലും ഇൻഷ്വർ ചെയ്ത കുടുംബങ്ങളുടെ അനുപാതം 2016-17ൽ 25.5 ശതമാനത്തിൽ നിന്ന് 2021-22ൽ 80.3 ശതമാനമായി ഉയർന്നതായും റിപ്പോർട്ടിൽ പറയുന്നു. ഒരു ലക്ഷം ഗ്രാമീണ കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് നബാർഡ് സർവേ നടത്തിയത്.

# ഡി എച്ച് എൽ എക്സ്പ്രസ് ദീപാവലി ഓഫറുകൾ പ്രഖ്യാപിച്ചു

**കൊച്ചി :** ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര, ആഭ്യന്തര ഔട്ട്ബൗണ്ട് ഷിപ്പ്മെന്റുകളിൽ ഓഫറുകൾ പ്രഖ്യാപിച്ച് ഡി എച്ച് എൽ എക്സ്പ്രസ്. 2024 നവംബർ 02 വരെയുള്ള ഈ ഓഫറിലൂടെ 3 മുതൽ 25 കിലോഗ്രാം വരെ ഭാരമുള്ള അന്താരാഷ്ട്ര ഷിപ്പ്മെന്റുകളിൽ 50% വരെയും 2 മുതൽ 10 കിലോഗ്രാം വരെ ഭാരമുള്ള ആഭ്യന്തര ഷിപ്പ്മെന്റുകളിൽ 40% വരെയും കിഴിവ് ലഭ്യമാകും. ഷിപ്പ്മെന്റ് ബുക്ക് ചെയ്യുമ്പോൾ 'ഉകണഅഘക50' എന്ന പ്രൊമോ കോഡ് ഉപയോഗിച്ചാൽ ഈ ഓഫർ നേടാം. ഇന്ത്യയിലുടനീളമുള്ള 650ലധികം ഡി എച്ച് എൽ എക്സ്പ്രസ് സർവീസ് പോയിന്റുകളിൽ ഈ ഓഫർ ലഭ്യമാണ്. ഗോ ഗ്രീൻ പ്ലസ് സേവനത്തിലൂടെ ഉപഭോക്താക്കൾക്ക് പരിസ്ഥിതി സൗഹൃദ ഷിപ്പിംഗ് ഓപ്ഷൻ തിരഞ്ഞെടുക്കാം എന്നത് മറ്റൊരു പ്രത്യേകതയാണ്. കൂടുതൽ വിവരങ്ങൾക്ക് 1800 11 1345 എന്ന ടോൾ ഫ്രീ നമ്പർ വഴി ഡി എച്ച് എൽ എക്സ്പ്രസിനെ ബന്ധപ്പെടുകയോ https://mydhl.express.dhl/in/en/home.html എന്ന ഡി എച്ച് എൽ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാം.

# സ്പാം കോളുകൾ തിരിച്ചറിയാൻ എ ഐ ഫീച്ചറുമായി എയർടെൽ

**കൊച്ചി:** എഐ കരുത്തോടെ തയ്യാറാക്കിയ പുതിയ എഐ സ്പാം ഡിറ്റക്ഷൻ സംവിധാനത്തിലൂടെ കേരളത്തിലെ ഉപഭോക്താക്കൾക്ക് ഏറെ ആശ്വാസം പകരുന്ന നടപടിയുമായി ഭാരതി എയർടെൽ. ലോഞ്ച് ചെയ്ത് 19 ദിവസങ്ങൾ പൂർത്തിയാകുമ്പോൾ 55 മില്യൺ സ്പാം കോളുകളും 1 മില്യൺ എസ്എംഎസുകളുമാണ് കേരളത്തിൽ ഈ ഫീച്ചറിലൂടെ വിജയകരമായി കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.




പുതിയ ആപ്പ് ഡൗൺലോഡ് ചെയ്യാതെ, പ്രത്യേകം സർവ്വീസ് റിക്വസ്റ്റ് ഇല്ലാതെ സംസ്ഥാനത്തെ എല്ലാ എയർടെൽ ഉപഭോക്താക്കൾക്കും ഈ സൗജന്യ സേവനത്തിന്റെ ഓട്ടോമാറ്റിക് ആക്സസ് ലഭ്യമാകുമെന്നതാണ് പ്രധാന സവിശേഷതയെന്ന് ഭാരതി എയർടെൽ കേരള ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അമിത് ഗുപ്ത വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ആശങ്കകളെ ദൂരീകരിക്കുന്നതിനും, തട്ടിപ്പ് സാധ്യതകൾ ഒഴിവാക്കുവാനും ഉപഭോക്താക്കളെ സഹായിക്കുവാനാണ് എഐയുടെ കരുത്തോടെ പുതിയ ഫീച്ചർ എയർടെൽ അവതരിപ്പിച്ചിട്ടുള്ളത്.

സംശയിക്കപ്പെടുന്ന സ്പാം കോളുകളും മെസ്സേജുകളും കണ്ടെത്തി അവഗണിക്കുവാൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കും.രണ്ട് തലങ്ങളിൽ സുരക്ഷിതത്വം ഉറപ്പുനൽകുന്ന ഫീച്ചറാണിത്. ഒന്ന് നെറ്റുവർക്ക് തലത്തിലും, രണ്ടാമത് ഐടി സിസ്റ്റംസ് തലത്തിലും. എല്ലാ കോളുകളും എസ്എംഎസുകളും ഈ രണ്ട് തല എഐ സുരക്ഷാ പ്രതിരോധ സംവിധാനത്തിലൂടെയാണ് കടന്നുപോകുന്നത്. രണ്ട് മില്ലി സെക്കന്റിൽ ഇതിലൂടെ 1.5 ബില്യൺ മെസ്സേജുകളും 2.5 ബില്യൺ കോളുകളും കടന്നുപോകുന്നു. എഐയുടെ കരുത്തിൽ തത്സമയം 1 ട്രില്യൺ റെക്കോർഡുകൾ പ്രൊസസ് ചെയ്യുന്നതിന് സമാനമാണിത്.ഇതിന് പുറമേ, എസ്എംസുകളിലൂടെ സ്വീകരിക്കുന്ന അപകടകാരികളായ ലിങ്കുകളിൽ നിന്ന് ജാഗ്രത പുലർത്തുവാൻ ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടുള്ള യുആർലുകളുടെ ഒരു സെൻട്രലൈസ്ഡ് ഡാറ്റ ബെയ്സ് എയർടെൽ തയ്യാറാക്കിയിട്ടുണ്ട്. എല്ലാ എസ്എംഎസുകളും തത്സമയം ഈ എഐ അൽഗൊരിതം സ്കാൻ ചെയ്യും. ഇതിലൂടെ ഉപഭോക്താക്കൾ അപകടകരമായ ലിങ്കുകളിൽ അബദ്ധവശാൽ ക്ലിക്ക് ചെയ്യുന്നത് ഒഴിവാക്കാനാകും. തട്ടിപ്പുകളുടെ പ്രധാന സൂചനകളിലൊന്നായ അടിക്കടി വരുന്ന ഇഎംഐ മെസ്സേജുകൾ പോലുള്ള അസ്വഭാവിക കാര്യങ്ങൾ ഈ സംവിധാനത്തിലൂടെ തിരിച്ചറിയുവാനാകും. വളർന്നുകൊണ്ടിരിക്കുന്ന സ്പാം തട്ടിപ്പുകളുടെ ഭീഷണിയിൽ നിന്നും രക്ഷനേടുവാൻ ഈ സുരക്ഷാ സംവിധാനങ്ങളിലൂടെ എയർടെൽ പ്രാപ്തമാക്കുന്നുവെന്നും അമിത് ഗുപ്ത പറഞ്ഞു

# ബ്രിട്ടാനിയ ബെൽ മഹാരാഷ്ട്രയിൽ പുതിയ ക്ഷീരോൽപ്പന്ന നിർമ്മാണ ഫാക്ടറി ആരംഭിച്ചു

**കൊച്ചി:** ബ്രിട്ടാനിയ ബെൽ ഫുഡ്സ് മഹാരാഷ്ട്രയിലെ രഞ്ജൻഗാവിൽ പുതിയ ക്ഷീരോൽപ്പന്ന നിർമ്മാണ ഫാക്ടറി ആരംഭിച്ചു. ബ്രിട്ടാനിയയും ബെൽ ഗ്രൂപ്പും തമ്മിൽ രണ്ടുവർഷം മുൻപ് ആരംഭിച്ച സഹകരണത്തിന്റെ ഭാഗമായാണ് പ്രതിവർഷം 10000 ടൺ ക്ഷീരോൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന ഫാക്ടറി ആരംഭിച്ചത്.

220 കോടി രൂപ നിക്ഷേപത്തിൽ ആരംഭിച്ച ഫാക്ടറിയിൽ 51 ഗുണനിലവാര പരിശോധനകൾ നടത്തിയാണ് ഉൽപന്നങ്ങൾ നിർമ്മിക്കുകയെന്ന് ബ്രിട്ടാനിയ ഇൻഡസ്ട്രീസ് എക്സിക്യൂട്ടിവ് വൈസ് ചെയർമാനും എം ഡിയുമായ വരുൺ ബെറി പറഞ്ഞു. ചെദ്ദാർ, മൊസാറെല്ല പോലുള്ള പ്രകൃതിദത്ത ചീസ് ഉൽപന്നങ്ങൾക്ക് രൂപം നൽകുന്ന ഫാക്ടറിക്ക് പ്രതിവർഷം ഏകദേശം 6000 ടൺ ഉൽപന്നങ്ങളും 10000 ടൺ സംസ്കരിച്ച ഉൽപന്നങ്ങളും നിർമ്മിക്കാനുള്ള ശേഷിയുണ്ട്. 100 ശതമാനവും തദ്ദേശീയമായി ശേഖരിക്കുന്ന പാൽ മാത്രം ഉപയോഗിക്കുന്ന ഈ സംരംഭം പ്രദേശവാസികൾക്ക് തൊഴിൽ നൽകുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.ഏറ്റവും ആധുനികമായ ഫാക്ടറിയിൽ ആരംഭിക്കുന്ന പുതിയ സംരംഭത്തിൽ ബ്രിട്ടാനിയയുമായി സഹകരിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ബെൽ ഗ്രൂപ്പ് സി ഇ ഒ സിസിലി ബെലിയോട്ട് പറഞ്ഞു.ആഗോള ഭക്ഷ്യോൽപാദക കമ്പനിയായ ബെല്ലും ഇന്ത്യയിലെ പ്രമുഖ ബിസ്ക്കറ്റ് നിർമ്മാണ കമ്പനിയായ ബ്രിട്ടാനിയയും ഏറ്റവും ഗുണനിലവാരവും പോഷകസമ്പുഷ്ടവുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2022 ഡിസംബറിൽ സഹകരണത്തിനുള്ള കരാറിൽ ഒപ്പുവെച്ചത്.

# ഡിസ്കോ ആഭരണ ശേഖരവുമായി മിആ ബൈ തനിഷ്ക്

**കൊച്ചി:** ഉത്സവ സീസണിൻറെ ഭാഗമായി, ഇന്ത്യയിലെ ഫൈൻ ജൂവല്ലറി ബ്രാൻഡുകളിലൊന്നായ മിആ ബൈ തനിഷ്ക് മിആ ഡിസ്കോ ആഭരണ ശേഖരം അവതരിപ്പിച്ചു. എഴുപതുകളിലെ ത്രസിപ്പിക്കുന്ന ഡിസ്കോ കാലഘട്ടത്തിൻറെ ഊർജ്ജത്തിൽ നിന്നും തിളക്കത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രൂപകല്പന ചെയ്തവയാണ് മിആ ഡിസ്കോ ആഭരണങ്ങളെന്ന് മിആ ബൈ തനിഷ്ക് ബിസിനസ് മേധാവി ശ്യാമള രമണൻ പറഞ്ഞു. തിളങ്ങുന്ന ഡയമണ്ടുകളിലും 14 കാരറ്റ്, 18 കാരറ്റ് സ്വർണത്തിലും കടഞ്ഞെടുത്ത മിആയുടെ ഡിസ്കോ ശേഖരം ആകർഷണീയമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒരൊറ്റ ആഭരണത്തിൽ തന്നെ വിഭിന്നങ്ങളായ പ്രതീതികൾ ലഭ്യമാക്കുന്ന മോഡുലർ ജുവല്ലറിയുടെ വൈവിധ്യങ്ങൾ അടങ്ങിയവയാണ് ഇവ.



ഈ ആഭരണങ്ങളുടെ ബോൾഡ് ജിയോമെട്രിക് ഷെയ്പുകൾ, സങ്കീർണമായ മെഷ് വിശദാംശങ്ങൾ, സിഗ്സാഗ് പാറ്റേണുകൾ തുടങ്ങിയവയെല്ലാം ഉപയോക്താവിന് ഒരു ഡിസ്കോ ഫ്ളോറിൻറെ തിളക്കം സമ്മാനിക്കും. തെരഞ്ഞെടുത്ത ആഭരണങ്ങൾക്ക് 2024 ഒക്ടോബർ 31 വരെ മിആ 20 ശതമാനം വരെ ഇളവും പ്രഖ്യാപിച്ചിട്ടുണ്ട്.50,000 രൂപ വരെ വിലയുള്ള ഡയമണ്ടുകൾ വാങ്ങുമ്പോൾ അഞ്ചു ശതമാനം ഇളവു ലഭിക്കും. 50,000 മുതൽ ഒരു ലക്ഷം രൂപ വരെ ഏഴു ശതമാനം ഇളവാണു ലഭിക്കുക. ഒരു ലക്ഷം മുതൽ ഒന്നര ലക്ഷം രൂപ വരെയുള്ള ബില്ലുകൾക്ക് പത്തു ശതമാനം ഇളവാണു ലഭിക്കുക. ഒന്നര ലക്ഷം മുതൽ രണ്ടു ലക്ഷം രൂപ വരെ 15 ശതമാനം ഇളവുണ്ടാകും. രണ്ടു ലക്ഷം രൂപയ്ക്ക് മുകളിൽ ഡയമണ്ടുകൾ വാങ്ങുമ്പോൾ 20 ശതമാനം ഇളവ് ലഭിക്കും. കൂടാതെ പ്ലെയിൻ സ്വർണ ആഭരണങ്ങൾക്ക് പണിക്കൂലിയിൽ പത്തു ശതമാനം ഇളവും വെള്ളി ആഭരണങ്ങൾ വാങ്ങുമ്പോൾ 20 ശതമാനം ഇളവും ലഭിക്കും. മിആയുടെ ഡിസ്കോ ശേഖരം 4999 രൂപ മുതലുള്ള വിലയിലാണ് ആരംഭിക്കുന്നത്. ഇയർ റിങ്ങുകൾ, പെൻഡൻറുകൾ, നെക്ലേസുകൾ തുടങ്ങിയവയെല്ലാം ഇതിലുണ്ട്. എല്ലാ മിആ സ്റ്റോറുകളിലും https://www.miabytanishq.com ലും ഡിസ്കോ ശേഖരം ലഭ്യമാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com